
# നരകം
## ഒരു
# ദണ്ഡന സ്ഥലം
## അല്ല






## നരകം എന്നാൽ ശവക്കുഴി

**നരകം – ബൈബിളിൽ പഴയ നിയമത്തിലും**
**പുതിയ നിയമത്തിലും അത് വ്യക്തമായി പഠിപ്പിച്ചിരിക്കുന്നു.**




ബൈബിൾ കൃത്യവും ശരിയുമായി എന്തു പഠിപ്പിക്കുന്നു എന്നുള്ള ഒരു ഉൾക്കാഴ്ച കൊണ്ട് ഈ മാസിക നിങ്ങളെ ധന്യരാക്കും. തുടർച്ചയായി ഈ മാസികയുടെ ഓരോ ലക്കങ്ങളിലെയും ലേഖനങ്ങൾ വഴി കുടുംബങ്ങൾക്കും ഭവനങ്ങൾക്കും പ്രത്യേക പ്രാധാന്യമുള്ള ജീവദായകമായ സന്ദേശങ്ങൾ ഇതു നല്കുന്നു. സകല ഭൂഗോത്രങ്ങൾക്കും വരുവാനുള്ള അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്ത നിവൃത്തിയുടെ അനുഗ്രഹകാലത്തെ ഇതു വിളംബരം ചെയ്യുന്നു.




യുഗങ്ങളുടെ ദൈവിക നിർണ്ണയം (ഒരു സ്വതന്ത്ര ബൈബിൾ പഠന സഹായി) സകല ജാതികളുടെയും വീണ്ടെടുപ്പും യഥാസ്ഥാപനവും സംബന്ധിച്ചുള്ള ദൈവിക പദ്ധതിയുടെ ഒരു രൂപരേഖ വളരെ ലളിതമായി തെളിവായി തരുന്ന ബൈബിളിന്റെ ഒരു 'താക്കോൽ' അഥവാ ബൈബിൾ വായിക്കുന്നതിനുള്ള ഒരു സംക്ഷിപ്ത വിവരപ്പട്ടിക. തിന്മയ്ക്ക് നല്കപ്പെട്ടിരിക്കുന്ന അനുമതിയെ സംബന്ധിച്ചുള്ള അറിവിനും പ്രവാചകന്മാർ ദർശിച്ച സുവർണ്ണയുഗത്തിനായുള്ള ഒരുക്കത്തിനും ഈ കൃതി സഹായകം.

# നരകം എന്നാൽ എന്ത്?

നിങ്ങൾക്കറിയാമോ: നരകമുണ്ടെന്ന വിശ്വാസം യുക്തിയുക്തമല്ലെന്ന് അനേകരും വിചാരിക്കുന്നു. എന്നാൽ ബൈബിളിൽ പഴയനിമയത്തിലും പുതിയ നിയമത്തിലും നരകത്തെപ്പറ്റി പറഞ്ഞുകാണുന്നു. ഈ നിലയ്ക്ക് നരകം എന്ന പദംകൊണ്ട് ബൈബിൾ എന്തു വിവക്ഷിക്കുന്നുവെന്ന് സൂക്ഷ്മമായി ആരായുന്നത് അസ്ഥാനത്താകയില്ലല്ലോ.

നരകം എന്നു കേൾക്കുമ്പോൾ നിത്യദണ്ഡനത്തിന്റെ ഒരു അഗ്നികുണ്ഡം എന്ന ആശയമാണ് പെട്ടെന്ന് മനസ്സിലുദിക്കുക. ഈ ചിന്താഗതിക്ക് വേദത്തിൽ യാതൊരടിസ്ഥാനവുമില്ല. ഇത് 'അന്ധകാര യുഗങ്ങൾ'എന്നറിയപ്പെടുന്ന കാലഘട്ടത്തിന്റെ പ്രാരംഭത്തിൽ പുറജാതിമതത്തിൽ നിന്ന് ക്രിസ്തുമാർഗ്ഗത്തിൽ കടന്നുകൂടിയതാണ്. അതുകൊണ്ട് ഇന്നു ക്രൈസ്തവലോകം വിശ്വസിക്കുന്നത് വേദം ഉപദേശിക്കുന്നവിധമുള്ള നരകത്തിലല്ല, അന്ധകാരയുഗങ്ങളിലെ സങ്കല്പവസ്തുവായ നരകത്തിലാണ്.

പഴയനിയമത്തിൽ നരകം എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത് ഷിയോൽ എന്ന ഒരേ ഒരു എബ്രായ മൂലപദമാണ്. ഷിയോൽ എന്നതിനു തുല്യമായി പുതിയ നിയമത്തിൽ പ്രയോഗിച്ചിരിക്കുന്ന ഗ്രീക്കു മൂലപദമാണ് ഹേഡീസ്. ഷിയോൽ, ഹേഡീസ് എന്നീ എബ്രായ ഗ്രീക്കു മൂലപദങ്ങളാണ് നരകം എന്നു വിവർത്തനം ചെയ്തിരിക്കുന്നത് എന്നു സാരം.

പഴയ ഇംഗ്ലീഷ് ഭാഷാന്തരത്തിൽ ഷിയോൽ, ഹേഡീസ് ഈ പദങ്ങൾ മൂന്നു വിധത്തിൽ തർജ്ജമ ചെയ്തിരിക്കുന്നു:

(1) നരകം എന്നു 41 പ്രാവശ്യം
(2) ശവക്കുഴി എന്നു 32 പ്രാവശ്യം
(3) കുഴി എന്നു 3 പ്രാവശ്യം

കൂടാതെ മിക്കപ്പോഴും നരകം എന്നു പരിഭാഷപ്പെടുത്തുമ്പോൾ അല്ലെങ്കിൽ, ശവക്കുഴി എന്നും മറിച്ചും മാർജിനിൽ കുറിപ്പുകൾ കൊടുത്തിരിക്കും (സങ്കീ.49:15; 55:15; 86:13; യെശ.14:9; യോനാ. 2:2; 1 കൊരി.15:55; വെളി.20:13).

ഷിയോൽ, ഹേഡീസ് ഈ പദങ്ങൾ നരകം എന്നു തർജ്ജമ ചെയ്യുന്നതിന്റെ അനൗചിത്യം മനസ്സിലാക്കി ഭാഷാന്തര പ്രശ്നം തന്നെ ഒഴിവാക്കാൻവേണ്ടി ഇംഗ്ലീഷ് പരിഷ്കൃത പരിഭാഷയിൽ ഭാഷാന്തരകർത്താക്കൾ ഒരുപായം പ്രയോഗിച്ചിട്ടുണ്ട്. എന്താണത്? ഈ പദങ്ങൾ ഭാഷാന്തരപ്പെടുത്താതെ അതേപടി ഉപയോഗിച്ചിരിക്കുന്നു എന്നതുതന്നെ.

ഇനിയും മലയാള പരിഭാഷയുടെ കഥ നോക്കാം. പഴയ മലയാള ഭാഷാന്തരത്തിൽ നരകം എന്ന പദമാണ് പ്രായേണ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ പരിഷ്കൃത മലയാള ഭാഷാന്തര കർത്താക്കൾ പല സന്ദർഭങ്ങളിലും ഈ പദം ഉപേക്ഷിച്ച് പകരം പാതാളം എന്നു പ്രയോഗിച്ചിരിക്കുന്നു. ഇങ്ങനെ നരകമെന്ന തർജ്ജമയുടെ പന്തികേട് അവരും അംഗീകരിക്കുന്നു.

നരകശബ്ദത്തിന്റെ ഭാഷാന്തര രൂപങ്ങൾ താഴെ ചേർക്കുന്നു.

| എബ്രായ മൂലം | ഗ്രീക്കു മൂലം | ഇംഗ്ലീഷു പഴയ പരിഭാഷ A.V. | ഇംഗ്ലീഷു പരിഷ്കൃത പരിഭാഷ R.V | പഴയ മലയാള പരിഭാഷ | പരിഷ്കൃത മലയാള പരിഭാഷ |
|---|---|---|---|---|---|
| ഷിയോൽ | ഹേഡീസ് | 1) നരകം 2) ശവക്കുഴി 3) കുഴി | 1) ഷിയോൽ 2) ഹേഡീസ് | നരകം | 1) പാതാളം 2)ശവക്കുഴി 3) കുഴി |

ഈ വിവർത്തനഭേദങ്ങൾ ഉദാഹരിക്കുന്നതിന് ഒരു വേദവാക്യം (സങ്കീ.6:5) കാണിക്കാം:-

മരണത്തിൽ നിന്നെക്കുറിച്ച് ഓർമ്മയില്ലല്ലോ .
ഷിയോലിൽ ആർ നിനക്കു സ്തോത്രം ചെയ്യും? (എബ്രായ മൂലം)
ശവക്കുഴിയിൽ ആർ നിനക്കു സ്തോത്രം ചെയ്യും? (ഇംഗ്ലീഷ് പഴയ പരിഭാഷ)
നരകത്തിൽ ആർ നിനക്കു സ്തോത്രം ചെയ്യും? (പഴയ മലയാളം)
പാതാളത്തിൽ ആർ നിനക്കു സ്തോത്രം ചെയ്യും? (പരിഷ്കൃത മലയാളം)

ഷിയോൽ, ഹേഡീസ് ഈ പദങ്ങൾ ശവക്കുഴി, നരകം, പാതാളം എന്നെല്ലാം ബഹുരൂപേണ തർജ്ജമ ചെയ്തിരിക്കെ ഏതാണ് ശരി? നരകം എന്ന ശബ്ദത്തിന്റെ പന്തികേട് ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ഭാഷാന്തരകർത്താക്കൾ മനസ്സിലാക്കിയതുകൊണ്ടാണല്ലോ അവർക്കു മറ്റു പദങ്ങൾ തേടേണ്ടിവന്നത്. എന്നാൽ നരകം എന്ന പദം മാറ്റി പാതാളം എന്നു പ്രയോഗിക്കുന്നതുകൊണ്ട് വല്ല പ്രയോജനവുമുണ്ടോ? നരകം എന്നു കേൾക്കുമ്പോൾ എരിതീയുടെയും ദീനരോദനങ്ങളുടെയും ഒരു ലോകം എന്ന പ്രതീതിയാണു മലയാളികൾക്കു തോന്നുക. പാതാളം എന്നു ഭാഷാന്തരം ഭേദഗതി ചെയ്യുന്നതുകൊണ്ട് വല്ല പ്രയോജനവുമുണ്ടോ? മേൽപ്പറഞ്ഞ ധാരണയ്ക്കു വല്ല മാറ്റവും വരുമോ? ഇല്ലെന്നതാണു പരമാർത്ഥം. എന്തുകൊണ്ട്? ഭാരതീയരുടെ ഇതിഹാസങ്ങളിലും പുരാണങ്ങളിലും പാതാളം ഒരു ദണ്ഡനസ്ഥാനമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ പാതാളം എന്ന ശബ്ദത്തോടു ദണ്ഡനം എന്ന ആശയം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ നിലയ്ക്ക് ദുരർത്ഥസൂചകമായ ഈ പദം തിരഞ്ഞെടുത്തത് ഭാഷാന്തരകർത്താക്കളുടെ പേരിൽ അക്ഷന്തവ്യമായ ഒരപരാധം തന്നെ. നരകം ദണ്ഡനസ്ഥലമാണെന്ന പരമ്പരാഗതമായ ധാരണയെ അരക്കിട്ടുറപ്പിക്കാനുള്ള ബോധപൂർവ്വമായ ഒരു ശ്രമമല്ലേ ഇത്? മരണഫലമായ അബോധ ശൂന്യാവസ്ഥയെ കുറിക്കാൻ ബൈബിളിൽ പ്രയോഗിച്ചിരിക്കുന്ന ഷിയോൽ എവിടെ? മൃതന്മാരുടെ വിലാപഭവനമായി സങ്കൽപിക്കുന്ന പാതാളമെവിടെ?

ഷിയോൽ എന്തിനെക്കുറിക്കുന്നു എന്നു തീരുമാനിക്കേണ്ടത് അതിന്റെ സ്വഭാവത്തെ സംബന്ധിച്ച വിവരണത്തിൽ നിന്നാണ്. ദണ്ഡനത്തിന്റെയും ദീനരോദനങ്ങളുടെയും സ്ഥാനമാണ് ഷിയോൽ എന്ന ധാരണയ്ക്ക്

വിപരീതമായി വേദം പറയുന്നു: നീ ചെല്ലുന്ന പാതാളത്തിൽ (ഷിയോൽ) പ്രവൃത്തിയോ സൂത്രമോ അറിവോ ജ്ഞാനമോ ഒന്നുമില്ല (സഭാ. 9:10). മരണത്തിൽ നിന്നെക്കുറിച്ചു ഓർമ്മയില്ലല്ലോ; പാതാളത്തിൽ (ഷിയോൽ) ആർ നിനക്കു സ്തോത്രം ചെയ്യും? പാതാളം (ഷിയോൽ-ശവക്കുഴി) നിന്നെ സ്തുതിക്കുന്നില്ല, മരണം നിന്നെ വാഴ്ത്തുന്നില്ല (സങ്കീ. 6:5; യെശ.38:18). ഇതിൽ നിന്ന് ഷിയോൽ ശവക്കുഴി എന്നു തെളിയുന്നു. ഈ വിവരണപ്രകാരമുള്ള നിഷ്ക്രിയമൂകമായ സ്ഥാനം ശവക്കുഴിയല്ലാതെ മറ്റെന്താണ്? തുടർന്നുവരുന്ന ന്യായങ്ങൾ ഈ വാദത്തെ സ്ഥിരീകരിക്കും.

ദുഷ്ടമർദ്ദനത്തിനുള്ള നരകമാണു ഷിയോലെങ്കിൽ ദുഷ്ടശിഷ്ട ഭേദംവിനാ മരണത്തിൽ എല്ലാവരും ഷിയോലിലേക്കു പോകുന്നുവെന്നു ബൈബിൾ പറയുമോ? ഉദാഹരണമായി യാക്കോബു ഷിയോലിലേക്കുപോയി എന്നു വേദം പറയുന്നു (ഉല്പ. 37:35). ഇയ്യോബാകട്ടെ ഷിയോലിനായി വാഞ്ചിക്കുന്നു. പുനരുത്ഥാനത്തിന്റെ നാൾവരെ അവിടം ഒളിപ്പിടമായി അവർ അഭിലഷിക്കുന്നു (ഇയ്യോ. 14:13). ഷിയോൽ ദണ്ഡനസ്ഥലമെങ്കിൽ ജീവിതയാതനകൾക്ക് വിരാമമിടുന്ന ഒരു വിശ്രമസ്ഥാനമായി ഇയ്യോബ് അതിനെ പരിഗണിക്കുമോ?

യേശു തന്റെ ആത്മാവിനെ മരണത്തിനു ഒഴുക്കിക്കളഞ്ഞു (യെശ. 53:10,12) എന്നും അവൻ ഷിയോലിലേക്ക് ഇറങ്ങി എന്നും എന്നാൽ അവന്റെ ആത്മാവു ഷിയോലിൽ വിട്ടുകളയപ്പെട്ടില്ല (സങ്കീ.16:10; അപ്പൊ. 2:27,31) എന്നും തിരുവെഴുത്തുകൾ ഉപദേശിക്കുന്നു. ഇംഗ്ലീഷ് പഴയ ഭാഷാന്തരത്തിൽ നരകം എന്ന പദമാണ് ഷിയോലിനു പകരം പ്രയോഗിച്ചിരിക്കുന്നത്. അതായത് ക്രിസ്തു നരകഗ്രസ്ഥനായി എന്ന്. ഇതിൽനിന്ന് നിത്യദണ്ഡനത്തിനുള്ള ഒരു നരകകൂപമല്ല, കേവലം ശവക്കുഴിയാണ് ഷിയോൽ എന്ന് സംശയാതീതമായി തെളിയുന്നു. നരകത്തെപ്പറ്റിയുള്ള പരമ്പരാഗതമായ ധാരണ അതു ദുർജ്ജന മർദ്ദനത്തിനുള്ള ഒരു തടങ്കൽ പാളയമാണെന്നാണല്ലോ. അങ്ങനെയുള്ള ഒരു നരകത്തിൽ ക്രിസ്തു പതിച്ചു എന്നു വിചാരിക്കുന്നത് എത്ര അപഹാസ്യം!

ഹെൽ എന്നാണ് നരകം എന്നതിന് ഇംഗ്ലീഷിലുള്ള പദം. പഴയ ഇംഗ്ലീഷിൽ ഇതിനു മറയ്ക്കുക, മൂടിവയ്ക്കുക, ആച്ഛാദനം ചെയ്യുക എന്നൊക്കെയായിരുന്നു അർത്ഥം. ഉരുളക്കിഴങ്ങുകൾ കുഴിയിൽ സൂക്ഷിക്കുന്നതിനും വീടുകൾ മേയുന്നതിനും ഹെൽ ചെയ്യുക എന്നാണ് പ്രാചീന ഇംഗ്ലീഷിൽ വ്യവഹരിച്ചിരുന്നത്. കാലാന്തരത്തിൽ മരണത്തിന്റെ നിഗൂഢാവസ്ഥയെ കുറിക്കാൻ ഈ പദം ഉചിതവും ഉപയുക്തവുമായിത്തീർന്നു. ഈ പദത്തിനു ദണ്ഡനം എന്ന ആശയവുമായി വിദൂരബന്ധം പോലുമില്ല. ഈ ശബ്ദത്തെ അപ്രകാരമൊരു ആശയവുമായി ബന്ധിപ്പിച്ചത് അന്ധകാരയുഗങ്ങളിലെ വേദശാസ്ത്രികളാണ്.

മരണത്തിന്റെ ശൂന്യവും അബോധപൂർവ്വവുമായ അഭാവസ്ഥിതിതന്നെ ഷിയോൽ. അതാണ് ദുഷ്ടശിഷ്ട ഭേദംവിനാ എല്ലാവർക്കും മരണത്തിങ്കൽ വന്നുകൂടുന്ന ഗതി. പുനരുത്ഥാനത്തിൽ മരണനിദ്രയിൽ നിന്ന്

ഉണരുന്നതുകൊണ്ടല്ലാതെ ആർക്കും അതിൽനിന്നു മോചനം ലഭിക്കയില്ല.

അധർമ്മികൾക്കുള്ള ശിക്ഷ നിത്യദണ്ഡനമാണ് എന്ന ജനബോധമാണല്ലോ നരകം യാതനാസ്ഥാനമാണെന്ന സങ്കല്പത്തിനടിസ്ഥാനം. എന്നാൽ പാപത്തിന്റെ ശിക്ഷയെപ്പറ്റി വേദം എന്തു പറയുന്നു എന്നു നോക്കാം. അഖിലാണ്ഡ കർത്താവായ ദൈവം പാപത്തിന്റെ ശിക്ഷയെപ്പറ്റി വർഗ്ഗപൂർവ്വികനായ ആദാമിനു നൽകുന്ന അനുശാസനം തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽ നിന്ന് ഭക്ഷിക്കുന്ന നാളിൽ നീ മരിക്കും, നിശ്ചയം എന്നത്രെ. അല്ലാതെ ദണ്ഡിതനായി നിത്യകാലം ജീവിക്കേണ്ടിവരും എന്നല്ല (ഉല്പ. 2:17).

ദൈവം പ്രസ്താവിച്ചപ്രകാരം നിഷിദ്ധമായ ആ വൃക്ഷഫലം ഭക്ഷിച്ച അതേ ദിവസം തന്നെ ആദാം മരിച്ചോ? മരിച്ചു. എന്നാൽ അത് 24 മണിക്കൂറിനുള്ളിലായിരുന്നില്ല. ആദാമിന്റെ ആ ദിവസം ഒരു ആയിരമാണ്ടു കാലഘട്ടമായിരുന്നു എന്നു മാത്രം (2 പത്രൊ. 3:8; സങ്കീ. 90:4).

ദൈവം അരുളിചെയ്തതിനു നേർവിരുദ്ധമായി നിങ്ങൾ മരിക്കയില്ല നിശ്ചയം എന്നൊരു വ്യാജകഥനത്തിനാണ് സാത്താൻ മുതിർന്നത് (യോഹ. 8:44; ഉല്പ. 3:4). അന്നുമുതൽ സാത്താൻ ഈ അസത്യവാദം വഴി അനേകായിരങ്ങളെ വഞ്ചിച്ചുവരുന്നു. മരിച്ചവർ യഥാർത്ഥത്തിൽ മരിച്ചിട്ടില്ല. മരണത്തിലും ജീവിതം അവസാനിക്കുന്നില്ല, പുനരുത്ഥാന നാൾവരെ കാത്തിരിക്കാതെ മരണത്തിന്റെ ഉത്തരക്ഷണത്തിൽത്തന്നെ മനുഷ്യൻ സ്വർഗ്ഗത്തിൽ എത്തുകയോ നിത്യയാതനയുടെ നരകഗർത്തത്തിൽ പതിക്കുകയോ ചെയ്യുന്നു എന്നീ അബദ്ധ വിശ്വാസങ്ങൾ പിശാചുപദേശിച്ച അസംബന്ധത്തിന്റെ ദുരന്ത ഫലങ്ങളാണ്. മരിച്ചവരുടെ അവസ്ഥയെപ്പറ്റി വേദം നൽകുന്ന സാക്ഷ്യം നോക്കുക. മരിച്ചവർ ഒന്നും അറിയുന്നില്ല. മരിച്ചവരോ മൗനതയിൽ ഇറങ്ങിയവരോ ആരും യഹോവയെ സ്തുതിക്കുന്നില്ല . അവന്റെ പുത്രന്മാർക്കു ബഹുമാനം ലഭിക്കുന്നത് അവൻ അറിയുന്നില്ല. അവർക്കു താഴ്ച ഭവിക്കുന്നത് അവൻ ഗ്രഹിക്കുന്നതുമില്ല. ഷിയോലിൽ അബ്രഹാമും യിസ്രായേലും (യാക്കോബ്) നമ്മെ അറിയുന്നില്ല (സഭാ. 9:5; സങ്കീ. 115:17; ഇയ്യോ. 14:21; യെശ. 63:16).

പാപം ചെയ്യുന്ന ആത്മാവോ അതു മരിക്കും (യെഹെ. 18:4,20). 'പാപത്തിന്റെ ശമ്പളം മരണം' (റോമ.6:23). ഈ വേദവാക്യങ്ങൾ പാപത്തിന്റെ ഫലം മരണമെന്നു സംശയോപരി തെളിയിക്കുന്നു. അതേ, മരണംതന്നെ–ജീവിതം അവസാനിക്കുകയും മനുഷ്യൻ ഇല്ലാതെ പോകയും ചെയ്യുന്നതുതന്നെ. ജീവനാകട്ടെ ദൈവദാനമാണ്. ദൈവത്തിന്റെ കൃപാവരമോ യേശുക്രിസ്തുവിൽ നിത്യജീവൻ എന്നാണു തിരുവെഴുത്തു പറയുന്നത്. അങ്ങനെയെങ്കിൽ നിത്യജീവൻ ദുർമാർഗ്ഗികൾക്കു അപ്രാപ്യമാണ്. നിത്യദണ്ഡനമുണ്ടെങ്കിൽ ദുഷ്ടന്മാർക്കും നിത്യജീവൻ ഉണ്ടെന്നുവരും, കാരണം നിത്യജീവനില്ലാതെ നിത്യദണ്ഡനം അനുഭവിക്കുന്നതെങ്ങനെ?

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും

നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു (യോഹ. 3:16). പാപികൾക്കു നാശവും വിശ്വസിക്കുന്നവർക്കു നിത്യജീവനും എന്ന പ്രമാണം ഈ വാക്യം ഉയർത്തിപ്പിടിക്കുന്നു. നാശത്തിന്റെ വിപരീതാനുഭവമായി ഇവിടെ പറയപ്പെടുന്നത് ജീവനാണ്. അപ്പോൾ നാശമെന്നാൽ മരണമെന്നർത്ഥം. ആയുസ്സിന്റെ പരിസമാപ്തിയെ കുറിക്കുന്ന മരണം മനുഷ്യന്റെ നാശമാണ് എന്ന വസ്തുതയെ ആർക്കു നിഷേധിക്കാൻ കഴിയും? മനുഷ്യനാം ക്രിസ്തുയേശു എല്ലാവർക്കും വേണ്ടി തന്നത്താൻ മറുവിലയായി കൊടുത്തു (1 തിമൊ. 2:4-6) എന്ന വാക്യം ഈ ആശയത്തെ ബലമായി പിന്താങ്ങുന്നു. മറുവില എന്നാൽ തുല്യവില എന്നർത്ഥം. എല്ലാവർക്കും വേണ്ടി എന്നു വച്ചാൽ ആദാമിനും അവന്റെ വർഗ്ഗത്തിനുംവേണ്ടി അവരുടെ ജീവനു പകരമായി അവന്റെ ജീവൻ വീണ്ടെടുപ്പർത്ഥമായി ബലിയർപ്പിക്കപ്പെട്ടു എന്നു സാരം.

പാപത്തിന്റെ ശിക്ഷയായി ആദാമിനും അവന്റെ വർഗ്ഗത്തിനും വിധിക്കപ്പെട്ടത് നിത്യദണ്ഡനമായിരുന്നെങ്കിൽ ഈ പാപക്കടം പരിഹരിക്കുന്നതിനു യേശുക്രിസ്തു തത്തുല്യമായി നിത്യദണ്ഡന ശിക്ഷതന്നെ ചുമക്കേണ്ടിവരുമായിരുന്നു. എന്നാൽ പാപത്തിന്റെ ശമ്പളം മരണമാകയാൽ ക്രിസ്തു നമ്മുടെ അകൃത്യഭാരം ചുമന്നുകൊണ്ട് നമുക്കുവേണ്ടി മരിച്ചു. അവൻ എല്ലാവർക്കുംവേണ്ടി മരണം ആസ്വദിച്ചു . അവൻ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടു (1 കൊരി. 15:3,4; എബ്രാ. 2:9; റോമ. 5:6-10; കൊലൊ. 1:18; വെളി 1:18).

വിശുദ്ധന്മാർക്കു മരണം സ്വർഗ്ഗത്തിലേക്കുള്ള കവാടമാണെന്നാണല്ലോ സാമാന്യബോധം. എന്നാൽ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ ആരും സ്വർഗ്ഗത്തിൽ പ്രവേശിച്ചിട്ടില്ല (യോഹ. 3:13; അപ്പൊ. 2:34) എന്ന് യേശു തന്റെ ഐഹിക ജീവിത കാലത്ത് പ്രസ്താവിച്ചിരിക്കെ ഇതെങ്ങനെ സത്യമാകും? ക്രിസ്തുവിന്റെ നാൾ വരെ ആർക്കും സ്വർഗ്ഗപ്രാപ്തിക്കുള്ള ഭാഗധേയം കൈവന്നിട്ടില്ലെങ്കിൽ മരണംവഴി പാപികൾ നരകത്തിലേക്കും നീതിമാന്മാർ സ്വർഗ്ഗത്തിലേക്കും പോകുന്നു എന്ന ധാരണ അടിസ്ഥാനരഹിതമെന്നു വരുന്നു.

സജ്ജന ദുർജ്ജന ഭേദംവിനാ മരിച്ചവർ ആബാലവൃദ്ധം നിദ്രയിലാണെന്നു ബൈബിൾ പ്രതിപാദിക്കുന്നു. ഈ നിലയ്ക്ക് അവർ സ്വർഗ്ഗനരകങ്ങളിൽ ആയിരിക്കുന്നതെങ്ങനെ? നിദ്രയിൽ എന്നുവച്ചാൽ അബോധപൂർവ്വമായ നാസ്തിത്വത്തിൽ അഥവാ ഷിയോലിൽ എന്നുതന്നെ. പുനരുത്ഥാനത്തിൽ ഉണരുമെന്നുള്ളതുകൊണ്ട് മരണത്തെ നിദ്രയായി കല്പിക്കുന്നതു യുക്തമാണ് (2 പത്രൊ. 3:4; 2 രാജാ. 21:17, 18; യോഹ. 11:11 -14; 1 തെസ്സ. 4:13-17). മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ ക്രിസ്തുവിൽ നിദ്ര കൊണ്ടവരും നശിച്ചുപോയി (1 കൊരി. 15:13-18) എന്ന വേദവാക്യം മരണനിദ്ര നാശരൂപമെന്നു തെളിയിക്കുന്നു.

ദൈവം ക്രിസ്തു മുഖാന്തരം നമ്മെ വീണ്ടെടുക്കുന്നതായി ബൈബിൾ പറയുന്നു. എന്നാൽ എന്തിൽ നിന്നാണ് വീണ്ടെടുപ്പ്? നിത്യ ദണ്ഡനത്തിൽ

നിന്നോ? അല്ല. ബൈബിൾ പറയുന്നു. ശവക്കുഴിയുടെ (ഷിയോൽ) അധികാരത്തിൽ നിന്നു ഞാൻ അവരെ വീണ്ടെടുക്കും (ഹോശ. 13:14). എന്നാൽ കർത്താവു തന്റെ രണ്ടാം വരവിലെ പുനരുത്ഥാനത്തിൻ പുലരിയിൽ അവരെ വിളിക്കുംവരെ അവർ ഉണരുന്നില്ല, അന്ന് അവർ അവന്റെ ശബ്ദം കേട്ട് ശവകുടീരങ്ങളിൽ നിന്നു പുറത്തുവരും. ആ പുനരുത്ഥാനത്തിന്റെ ഉദയശോഭവരെ അവർ മരണത്തിന്റെ ഇരുട്ടറയിലായിരിക്കും (യോഹ. 14:3; 1 കൊരി. 15:21-23,52). അപ്പൊസ്തലനായ പൗലൊസ് ഉൾപ്പെടെ വിശുദ്ധന്മാർ ജീവകിരീടം ചൂടുന്നതും പ്രതിഫലം പ്രാപിക്കുന്നതും അന്നായിരിക്കും, അതിനു മുമ്പായിരിക്കയില്ല (2 തിമൊ. 4:8; 1 പത്രൊ 1:15; 5:4; ലൂക്കൊ. 14:14).

നരകം എന്നു വിവർത്തനം ചെയ്തിരിക്കുന്ന സ്ഥലം ഷിയോൽ അഥവാ ശവക്കുഴി എന്നതാണല്ലോ. ഒടുവിലായി ശവകുടീരഗ്രസ്തരായ ജനകോടികളാകെ യേശുവിന്റെ ശബ്ദംകേട്ട് പുറത്തുവരും (യോഹ. 5:28). അങ്ങനെ ആദാമ്യമരണത്തിൽ നിദ്രചെയ്യുന്ന മുഴുവൻ പേരും മോചനം പ്രാപിക്കുന്നതോടെ ഷിയോൽ (ശവക്കുഴി-ഹേഡീസ്) നിത്യമായി ഇല്ലാതെയാകും. മരണവും പാതാളവും (ഷിയോൽ) തീപ്പൊയ്കയിൽ തള്ളപ്പെട്ടു എന്ന വാക്യം നോക്കുക. എന്താണു തീപ്പൊയ്ക? നരകമാണെന്നു പൊതുവെ ധരിച്ചുവെച്ചിട്ടുണ്ട്. അപ്പോൾ പാതാളമോ? അതും നരകമാണെന്നാണ് നിത്യദണ്ഡനോപദേഷ്ടാക്കൾ വാദിക്കുന്നത്. അപ്പോൾ ഒരു നരകം മറ്റൊരു നരകത്തെ വിഴുങ്ങുന്നു എന്നുവരും. തീപ്പൊയ്ക എന്നത് ഒരു ലക്ഷ്യാർത്ഥപ്രയോഗമാണ്. എന്താണ് ഇതുകൊണ്ട് വിവക്ഷിക്കുന്നത്? അഗ്നി വസ്തുക്കളെ ഭസ്മീകരിക്കുന്നു, അതുകൊണ്ട് അതു നാശത്തിന്റെ പ്രതിരൂപമായി തിരുവെഴുത്തിൽ ഉപയോഗിക്കുന്നു. തന്മൂലം പാതാളം തീപ്പൊയ്കയിൽ തള്ളപ്പെട്ടു എന്നു പറയുമ്പോൾ പാതാളം നിർമ്മൂലമാകുമെന്നാണ് ആശയം. പാതാളം മാത്രമല്ല പിശാചും മൃഗവും കള്ളപ്രവാചകനും നിത്യജീവന് അയോഗ്യരായ മുഴുവൻപേരും തീപ്പൊയ്കയിൽ തള്ളപ്പെടും. ഈ തീപ്പൊയ്ക രണ്ടാം മരണമെന്നു ബൈബിൾതന്നെ നല്കുന്ന ഭാഷ്യവും അതു നാശത്തെ കുറിക്കുന്നു എന്ന നമ്മുടെ ധാരണയ്ക്ക് അനുസരണ മാണ്. രണ്ടാം മരണം നിത്യവും നിശ്ശേഷവുമായ ഉന്മൂലനാശമാണ്. കാരണം രണ്ടാം മരണത്തിൽനിന്നു ഒരിക്കലും മോചനം ഉണ്ടാകുന്നതല്ല. അങ്ങനെയുള്ള രണ്ടാം മരണത്തെ തീപ്പൊയ്കയായി ചിത്രീകരിക്കുന്നത് എത്ര ഔചിത്യപൂർവ്വം! (ഹോശെ. 13:14; വെളി. 19:20; 20:14,15; 21:8; ഗലാ.6:8; എബ്രാ.6:4-8; 10:26-31; 12:29; 1 യോഹ. 5:16; യൂദ. 12,13).

സോദോമും ഗോമോറായും നിത്യാഗ്നിയുടെ ശിക്ഷാവിധി ചുമന്നുകൊണ്ട് ദൃഷ്ടാന്തമായി കിടക്കുന്നു (യൂദ. 7) എന്ന് എഴുതപ്പെട്ടിരിക്കുന്നു. നിത്യാഗ്നി എന്ന പ്രയോഗം കൊണ്ട് നിത്യദണ്ഡനമുണ്ടെന്നു ചിലർ ഭ്രമിക്കുന്നു. എന്നാൽ എന്താണ് വാസ്തവം? നിത്യാഗ്നി എന്നു പറഞ്ഞതുകൊണ്ട് സോദോമിൽ വീണ അഗ്നി അണയാതെ ഇന്നും എരിഞ്ഞുകൊണ്ടിരിക്കുന്നു എന്നു വരുമോ? ആ

നഗരങ്ങൾ ഇനിയും നിശ്ശേഷം ഭസ്മീകരിച്ചിട്ടില്ല എന്നർത്ഥമുണ്ടോ? ആ നഗരങ്ങൾ കെടാത്ത തീയിൽ വെന്തു തീരാതെ കിടക്കുന്നതുകൊണ്ടല്ല മറിച്ച് അവ എന്നേക്കുമായി വെണ്ണീറായിക്കഴിഞ്ഞതുകൊണ്ടാണ് ആ തീ നിത്യാഗ്നിയായത്. പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയുടെയും സ്വഭാവം ഇതുതന്നെ. അത് നിത്യനാശത്തിന്റെ അഗ്നിയാണ്. പിശാചും ദൂതന്മാരും എന്നേക്കുമായി നശിപ്പിക്കപ്പെടും (എബ്രാ. 2:14; യെഹെ. 28:19; സങ്കീ. 145:20).

നിത്യദണ്ഡനോപദേശം വേദവിരുദ്ധമെങ്കിൽ രാപകൽ ദണ്ഡനം അനുഭവിക്കേണ്ടിവരും (വെളി. 20:10; 14:10,11 ഒത്തുനോക്കുക) എന്നു പറഞ്ഞിരിക്കുന്നതെന്തുകൊണ്ട് എന്നൊരു ചോദ്യമുണ്ടാകാം. ഇവിടെ ഭാഷാന്തരപ്പിശകാണു സംഭവിച്ചിരിക്കുന്നത്. ദണ്ഡനം എന്നു വിവർത്തനം ചെയ്തിരിക്കുന്ന ശബ്ദം ശോധന ചെയ്യുക എന്നു വേണ്ടതാണ്. പിശാച്, മൃഗം, കള്ളപ്രവാചകൻ എന്നിവരുടെ ദുർവൃത്തികളും ദുരുപദേശങ്ങളും നീതിമാന്മാർക്ക് എക്കാലവും പരിശോധനാവിഷയമായിരിക്കുകയും അവ നിത്യശിക്ഷയ്ക്കു വിധിക്കപ്പെട്ടതിന്റെ നീതിയുക്തത അവർ അംഗീകരിക്കുകയും ചെയ്യുമെന്ന് സാരം (യെശ. 14:15-17).

ജീവങ്കലേക്കുള്ള വഴി ഇടുങ്ങിയത്, എന്നാൽ നാശത്തിലേക്കുള്ള വഴിയോ വിശാലം (മത്താ.7:13). ഇവിടെ ജീവന്റെ എതിരവസ്ഥയായി പറയുന്നതു നാശത്തെയാണ്; നരകത്തിൽ നാശാതീതമായ ഒരു നിത്യജീവനല്ല.

ദുഷ്ടന്മാർ നിത്യനാശം എന്ന ശിക്ഷാവിധി പ്രാപിക്കും (2 തെസ്സ. 1:9). അവർ തങ്ങൾക്കുതന്നെ ശീഘ്രനാശം വരുത്തും (2 പത്രൊ. 2:1,12). അവരുടെ അവസാനം നാശം (ഫിലി. 3:19). ഇവർ നിത്യശിക്ഷയ്ക്കു പാത്രമാകും, എന്നാൽ നീതിമാന്മാർ നിത്യജീവൻ പ്രാപിക്കും (മത്താ. 25:46). ഇവിടെ പറയുന്ന നിത്യശിക്ഷ എന്ത്? അവസാനിക്കാത്ത യാതനയാണോ? അല്ല മരണം തന്നെ. കാരണം പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു എന്നു തിരുവെഴുത്തു പറയുന്നു (യാക്കോ. 1:15; 4:12). ഈ നിലയ്ക്കു നിത്യശിക്ഷയുടെ സ്വഭാവം എന്തായിരിക്കും? എന്നേക്കുമുള്ള മരണം നിത്യശിക്ഷയായിരിക്കും, എന്നാൽ മത്തായി 25:46-നെപ്പറ്റി ഒരു സംശയത്തിനു സ്ഥാനമുണ്ട്. ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവനിലേക്കും പോകും എന്നാണ് മലയാള വിവർത്തനം. വാസ്തവത്തിൽ ഇവിടെ കാണുന്ന നിത്യദണ്ഡനം എന്ന പദം, നിത്യനാശം എന്നു പരിഭാഷപ്പെടുത്തേണ്ടതാണ്. നിത്യശിക്ഷ എന്നാണ് ഇംഗ്ലീഷ് ബൈബിളിലെ പ്രയോഗം. മൂലത്തിലാകട്ടെ എന്നേക്കുമുള്ള ഛേദനം എന്നാണ്. നിത്യഛേദനം നിത്യമരണം തന്നെ. കാരണം വിവാദവാക്യത്തിൽ നീതിമാന്മാരുടെ അവകാശമായി പറഞ്ഞിരിക്കുന്നത് നിത്യജീവനായിരിക്കെ ദുഷ്ടന്മാർക്കു വരേണ്ടത് തദ്വിപരീതമായി മരണം തന്നെ. നീതിമാന്മാരല്ലാതെ ദുഷ്ടന്മാർ നിത്യജീവനു യോഗ്യരാകുമോ? (യോഹ. 3:36; 1 യോഹ. 5:12).

ഹേഡീസ് എന്നവണ്ണം പുതിയനിയമത്തിൽ നരകം എന്നു

പരിഭാഷപ്പെടുത്തിയിരിക്കുന്ന മറ്റൊരു ഗ്രീക്ക് മൂലപദമുണ്ട്. അതാണു ഗീഹെന്ന.

ഇതിനു തുല്യമായ പഴയനിയമ എബ്രായ മൂലപദം ഗീ-ഹിന്നോം എന്നാണ്. ഇത് എന്തിനെ കുറിക്കുന്നു? ഈ പദത്തിനു ഹിന്നോമിന്റെ താഴ്‌വര എന്നർത്ഥം. ഇതു യെരുശലേമിനു വെളിയിലുള്ള ഒരു സ്ഥാനമാണ്. നഗരത്തിലെ മലിനപദാർത്ഥങ്ങളും ജീർണ്ണശിഷ്ടങ്ങളും ഈ താഴ്‌വരയിലേക്കാണ് നീക്കം ചെയ്തിരുന്നത്. അവിടെ അവ കൃമിച്ചോ ഗന്ധകം കലർന്ന തീയിൽ ഭസ്മീകരിച്ചോ നശിച്ചിരുന്നു. അതുകൊണ്ടാണ് അവിടെ അവരുടെ പുഴു ചാകുന്നില്ല, തീ കെടുന്നതുമില്ല എന്നു ഗീഹെന്നയെപ്പറ്റി (മർക്കൊ. 9:43-48) പറയുന്നത്. ഗീഹെന്ന രണ്ടാം മരണത്തിന്റെ പ്രതീകമാണ്. എന്തുകൊണ്ട്? ഹിന്നോമിന്റെ താഴ്‌വരയിൽ തള്ളപ്പെടുന്ന വസ്തുക്കൾ കൃമിക്കിരയായോ വെന്തു വെണ്ണീറായോ നിശ്ശേഷം നശിച്ചു നാമാവശേഷമാകുന്നു. രണ്ടാം മരണത്തിന്റെ സർവ്വസംഹാരകമായ സ്വഭാവം ഇതിലേറെ ഭംഗിയായി ചിത്രീകരിക്കുന്നതെങ്ങനെ? മറിച്ച് അക്ഷരാർത്ഥത്തിൽ ഹിന്നോമിന്റെ താഴ്‌വരയിൽ ചിരജ്ജീവികളായ പുഴുക്കളും അക്ഷയമായ അഗ്നിയുമുണ്ടെന്നല്ല. ആ തീയും പുഴുക്കളും അവയ്ക്കിരയാകുന്ന വസ്തുക്കളുടെ സമ്പൂർണ്ണ നാശം സുനിശ്ചിതമാക്കുന്നപ്രകാരം രണ്ടാം മരണംവഴി ദുഷ്ടന്മാർ എന്നേക്കുമായി നിഗ്രഹിക്കപ്പെടുമെന്ന വേദോപദേശം ഈ ചിത്രത്തിലൂടെ ദൃഢീഭവിക്കുന്നു.

ജീവൻ ദൈവദാനമായ ഒരു അസുലഭാനുഗ്രഹമാണ്. പാപികൾ അതിന് അർഹരാകുന്നതെങ്ങനെ? ദേഹിയെയും ദേഹത്തെയും നരകത്തിൽ (ഗീഹെന്ന) നശിപ്പിക്കാൻ ദൈവത്തിനു കഴിയും (മത്താ. 10:28). ആ പ്രവാചകനെ (ക്രിസ്തു) കേൾക്കാത്ത ഏതു ദേഹിയും നശിപ്പിക്കപ്പെടും (അപ്പൊ. 3:23). ദൈവം തന്നെ സ്നേഹിക്കുന്നവരെ (മാത്രം) കാത്തുപരിപാലിക്കുന്നു. എന്നാൽ ദുഷ്ടന്മാരെ അവൻ നശിപ്പിക്കും (സങ്കീ. 145:20). അവർ ഇല്ലാതിരുന്നവരെന്നപോലെയാകും (ഓബ. 16). അവർ ഇല്ലാതിരിക്കുന്നു (യെശ. 43:17).

ദൈവം നീതിമാനാകുന്നു (ആവ. 32:4). അവൻ പാപിയെ കുറ്റത്തിനു തക്കവിധം ശിക്ഷിക്കും (മത്താ. 12:36; ലൂക്കൊ. 12:47,48). എന്നാൽ പ്രഖ്യാപിച്ചതിലുപരിയായ ശിക്ഷ ചുമത്തുവാൻ നീതി അവനെ അനുവദിക്കുകയില്ല. അവൻ പ്രഖ്യാപിച്ചിരിക്കുന്ന ശിക്ഷ മരണമാണ്. മനുഷ്യൻ സ്രഷ്ടാവിലും നീതിമാനാകുമോ? (ഇയ്യോ. 4:17). നീതിബോധത്തിലും ദയയിലും സ്രഷ്ടാവിലും വളരെ താണ പടിയിൽ വർത്തിക്കുന്ന മനുഷ്യൻ പോലും തീർത്തും അധമനല്ലെങ്കിൽ ഒരു ക്ഷുദ്രജീവിയെയെങ്കിലും അനന്തകാലം എന്നതു പോകട്ടെ അല്പസമയത്തേക്കുപോലും എരിതീയിലിട്ട് അതിന്റെ പ്രാണവേദന കണ്ടാനന്ദിക്കത്തക്കവിധം നിഷ്കരുണനാകുമോ? പിന്നെ സ്വഭാവത്തിൽ ദുഷ്ടത പ്രവർത്തിക്കാൻ കഴിയാത്ത ദൈവം (ഇയ്യോ. 34:10) സ്വസൃഷ്ടങ്ങളായ ജനകോടികളെ നരകച്ചുടലാഗ്നിയിൽ ചിരകാലം

പീഡിപ്പിക്കുമെന്ന ചിന്തതന്നേ വിചിത്രമെന്നേ പറയേണ്ടു.

മോലേക്ക് എന്ന ദേവന്റെ പ്രീതിക്കായി തദാരാധകന്മാർ ശിശുക്കളെ അഗ്നിപ്രവേശം ചെയ്ത് ദണ്ഡിപ്പിക്കുന്നതിനെ ദൈവം യിസ്രയേലിൽ നിരോധിച്ചിരുന്നു. അകം പൊള്ളയായി ലോഹനിർമ്മിതമായ ഒന്നായിരുന്നു മോലേക്കിന്റെ വിഗ്രഹം. ഉള്ളിൽ അഗ്നി ജ്വലിക്കുമ്പോൾ ആ ലോഹവിഗ്രഹം ചുട്ടുപഴുത്തിരിക്കും. നീട്ടിപ്പിടിച്ചിരിക്കുന്ന ആ ചുട്ടു പഴുത്ത കൈകളിൽ ശിശുക്കളെ അർപ്പിക്കുകയായിരുന്നു അഗ്നിപ്രവേ ശത്തിന്റെ സമ്പ്രദായം. ദൈവം ഈ നിഷ്ഠൂരാചാരത്തെ നിഷിദ്ധമെന്നു വിധിക്കുകയും ഒരിക്കലും തന്റെ മനസ്സിൽ ഉദിക്കപോലും ചെയ്തിട്ടില്ലാത്ത മ്ലേച്ഛചിന്തയെന്നു നാമകരണം ചെയ്കയും ചെയ്തു (ലേവ്യ. 18:21; 20:2-5; യിരെ. 19:5; 32:34,35). ഈ സ്ഥിതിക്ക് ഈ അഗ്നിപ്രവേശത്തിന്റെ പരിഷ്കരിച്ച അതിവിപുലമായ ആധുനിക പതിപ്പായ നരകം ദൈവകല്പിതമാ കുന്നതെങ്ങനെ?

ദൈവം സ്നേഹം ആകുന്നു (1 യോഹ. 4:8-12,16-21). നാം അവനെ ആരാധിക്കുന്നത് ആത്മാവിലും സത്യത്തിലും ആയിരിക്കണമെന്നു അവൻ ആഗ്രഹിക്കുന്നു (യോഹ. 4:24). അതാകട്ടെ സ്നേഹത്താൽ പ്രേരിതരായിട്ടായിരിക്കയും വേണം. അല്ലാതെ ആരാധന ഉടനെയോ പിന്നീടോ വരാവുന്ന ശിക്ഷയെപ്പറ്റിയുള്ള ഭയത്തിൽ നിന്നാകുന്നതു ഉത്തമമല്ല.

വിഭാഗീയ ചിന്തകൾക്കതീതമായ വേദാദ്ധ്യയനത്തിന്റെ പ്രോത്സാ ഹനത്തിനായി ജീവിതത്തിന്റെ എല്ലാ തുറകളിലും പ്രവർത്തിക്കുന്നവരുടെ സഹകരണത്തോടെ അഭിവൃദ്ധിപ്പെട്ടുവരുന്ന ഒരു പ്രസ്ഥാനമാണ് ആത്മായ മിഷനറി സമൂഹം. ഈ ലഘുലേഖ ഉൾക്കൊള്ളുന്ന ദൗത്യത്തിന്റെ ദീപശിഖയുമേന്തി എങ്ങും സത്യത്തിന്റെ വെളിച്ചം പകരുവാൻ പ്രസ്തുത സമൂഹം നിങ്ങളെ സസന്തോഷം ആഹ്വാനം ചെയ്യുന്നു.

## ഞങ്ങളും നരകത്തിൽ വിശ്വസിക്കുന്നു !

ബൈബിളിൽ ഉല്പത്തി മുതൽ വെളിപ്പാടുവരെ നരകത്തെക്കുറിച്ച് പഠിപ്പിച്ചിട്ടുണ്ട് ; **എന്നാൽ അതു നിത്യദണ്ഡനമായിട്ടല്ല !**

വളരെ വർഷങ്ങൾക്കുമുമ്പ് "സ്വർഗ്ഗവും നരകവും" എന്ന വിഷയത്തെക്കുറിച്ച് ബില്ലിഗ്രഹാം ഒരു ലേഖനം എഴുതി. ആ ലേഖനത്തിൽ അദ്ദേഹം എഴുതി : "യേശു സംസാരിച്ച 'തീ' ഒരിക്കലും തൃപ്തിവരാത്ത ദൈവത്തെക്കുറിച്ചുള്ള അന്വേഷണത്തെ ഉദ്ദേശിച്ചായിരിക്കുമോ? അങ്ങനെയെങ്കിൽ അതിന്റെ അർഥമെന്താണ് ? അതു തീർച്ചയായും നരകമായിരിക്കും. ദൈവത്തിന്റെ സാന്നിദ്ധ്യംവിട്ട് എന്നേക്കുമായി ദൈവത്തിൽനിന്നകന്ന ഒരവസ്ഥ തന്നെ". അതുപോലെ തെക്കൻ കരോലിനയിലെ ഒരു സർവ്വകലാശാലയിൽ വെച്ച് പ്രസിദ്ധീക രണത്തിനുവേണ്ടി അദ്ദേഹം ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം

പറഞ്ഞു : “ഒരു സ്വർഗ്ഗവും ഒരു നരകവും ഉണ്ടെന്നു ബൈബിൾ പഠിപ്പിക്കുന്നു. ഇത് അക്ഷരാർത്ഥത്തിൽ തന്നെയുള്ള ഒരു ദഹിപ്പിക്കുന്ന നരകമാണോ? ഈ ‘തീ’ ദൈവത്തെക്കുറിച്ചുള്ള ജീർണ്ണവും ഫലിതരൂപേണ യുള്ള പരിഹാസവും എത്തും പിടിയും ഇല്ലാത്തതുമായ ഒരിക്കലും കെടാത്ത ഒരു ദാഹമായിരിക്കാമെന്ന് ഞാൻ വിചാരിക്കുന്നു”.

ഈ പ്രസ്താവന ഞങ്ങൾ കുറിക്കൊള്ളുന്നു. ബില്ലിഗ്രഹാമിന്റെയും മറ്റുള്ളവരുടെയും ഇതുപോലുള്ള പ്രസ്താവനകളും ഞങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. സ്പഷ്ടമായി ഇതുകാണിക്കുന്നത് ദൈവത്തെ നിന്ദിക്കുന്ന പുരാതന ജാതീയ മതവിശ്വാസവും വേദപരമല്ലാത്ത അക്ഷരാർത്ഥത്തിലുള്ള നകരത്തിലെ തീയുടെ നിത്യദണ്ഡന പ്രമാണവും സംഘർഷപൂരിതമായി അദ്ദേഹം മനസ്സിൽ പിടിച്ചിരിക്കുന്നു എന്നും, എന്നാൽ ചിലപ്പോൾ അദ്ദേഹത്തിന് ഇത് വിട്ടുകളയേണ്ടി വരുന്നു എന്നും എങ്കിലും മരണാന്തരം ഏതെങ്കിലും തരത്തിലുള്ള നിത്യദണ്ഡനത്തെ മുഴുവനായി അദ്ദേഹത്തിന് ഉപേക്ഷിക്കാൻ കഴിയുന്നില്ല എന്നുമാണ് - അദ്ദേഹത്തോട് സ്വീകാര്യതയുള്ള ചില യാഥാസ്ഥിതികരും ഇവാഞ്ചലിസ്റ്റുമാരും അടങ്ങുന്ന സമൂഹത്തിനു മുന്നിൽ ഒരു പ്രസംഗകനെന്നനിലയിൽ അദ്ദേഹത്തിന് വലിയ ഉത്തരവാദിത്വമുണ്ട്.

തങ്ങൾക്ക് അധികാരവുംഅവകാശവുമുണ്ടെങ്കിൽപ്പോലും ഒരു എലിയെയോ പാമ്പിനെയോ പോലും എന്നേക്കുമായിട്ടെന്നല്ല അല്പനേരത്തേക്കെങ്കിലും തങ്ങൾ ദണ്ഡിപ്പിക്കുമോ എന്ന് ബില്ലിഗ്രഹാമും അതുപോലുള്ള മറ്റു പ്രസംഗകരും വെറുതെ ഒന്നു ചിന്തിച്ചാൽ ഒരിക്കലും തങ്ങൾക്ക് അങ്ങനെ ചിന്തിക്കാൻ പോലും കഴിയുകയില്ലെന്ന് പൂർണ്ണമായും അവർക്ക് ബോദ്ധ്യമാകും. അങ്ങനെ എങ്കിൽ പിന്നെ എന്തുകൊണ്ടാണ് സ്നേഹവാനും നീതിമാനുമായ നമ്മുടെ സ്വർഗ്ഗീയ പിതാവ് തന്റെ ഏതെങ്കിലും മനുഷ്യ സൃഷ്ടികളോട് അങ്ങനെ ചെയ്യുമെന്ന് ബില്ലിഗ്രഹാം ആരോപിക്കുന്നത്? ഈ ചിന്ത എത്രപാപമാണ്? ശത്രുക്കളെ സ്നേഹിക്കാൻ നമ്മെ പഠിപ്പിക്കുന്ന നമ്മുടെ സ്നേഹവാനായ ദൈവം (മത്താ.5:44) തന്റെ കല്പനകൾക്കു വിരുദ്ധമായി നടന്ന് പൂർണ്ണമായി ശത്രുതയോടു കൂടി തന്നെ എതിർക്കുന്നവരെങ്കിലും അങ്ങനെയുള്ളവരെ ദണ്ഡിപ്പിക്കാനെന്നല്ല എന്നെന്നേക്കുമായി ദണ്ഡിപ്പിക്കാൻ ആഗ്രഹിക്കുമോ?

## ഒരു നരകമുണ്ട്

ഒരു നരകം ഉണ്ടെന്നു ബൈബിൾ പഠിപ്പിക്കുന്നു എന്നുള്ള ബില്ലിഗ്രഹാമിന്റെ പറച്ചിലിനോട് ഞങ്ങൾ ഹൃദയംഗമായി യോജിക്കുന്നു. “ഞാൻ നരകത്തിൽ വിശ്വസിക്കുന്നില്ല” അല്ലെങ്കിൽ “ഉള്ള എല്ലാനരകവും ഭൂമിയിലെ ഈജീവിതത്തിൽത്തന്നെയാണുള്ളത്” എന്ന് യാതൊരു ബൈബിൾ വിശ്വാസിയും പറയുകയില്ല. മരണാനന്തരമുള്ള നരകത്തെ ക്കുറിച്ച് ബൈബിളിൽ പലസ്ഥലങ്ങളിലും വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട് - ഉല്പത്തി മുതൽ വെളിപ്പാടുവരെ. നരകത്തിൽ ഞങ്ങൾ വിശ്വസി ക്കുന്നില്ലെന്നു പലരും അവകാശപ്പെടാറുണ്ട്. ഇത് പൂർണ്ണമായും ശരിയല്ല.

ഞങ്ങൾ നരകത്തിൽ വിശ്വസിക്കുന്നു. ഉല്പത്തി മുതൽ വെളിപ്പാടുവരെ ബൈബിളിൽ നരകത്തെക്കുറിച്ച് പഠിപ്പിച്ചിരിക്കുന്നു. തത്വത്തിൽ എബ്രായ ഗ്രീക്ക് വാക്കുകളിൽ ചിത്രീകരിച്ചിരിക്കുന്നതും ബൈബിളിൽ പറഞ്ഞി രിക്കുന്നതുമായ മൂന്നു നരകങ്ങളിലെല്ലാറ്റിലും ഞങ്ങൾ വിശ്വസിക്കുന്നു: (1) ഷിയോൾ അല്ലെങ്കിൽ ഹേഡീസ്, (2) ഗീഹെന്നാ, (3) ടാർടാറോ. പാപത്തിന്റെ ശിക്ഷയായി ദുഃഷ്ടന്മാർക്ക് അക്ഷരാർത്ഥത്തിലുള്ള തീകൊണ്ടു തന്നെ നല്കുന്നതായിപറയപ്പെടുന്ന നിത്യദണ്ഡനം ബൈബിൾ പഠിപ്പിക്കുന്നതാണെന്നു പറയുന്നത് ഞങ്ങൾ നിഷേധിക്കുന്നു. അതു ഞങ്ങൾ വിശ്വസിക്കുന്നില്ല.

ടാർടാറോ എന്ന ഗ്രീക്കിലുള്ള ക്രിയാപദം ''തടവിലാക്കുക'' എന്ന അർത്ഥത്തിൽ പ്രയോഗിക്കേണ്ടതിനു പകരം ''നരകത്തിൽ തള്ളിയിടുക'' എന്ന അർത്ഥത്തിൽ പുതിയ നിയമത്തിൽ ഒരിടത്തുമാത്രമായി ഭാഷാന്തരം ചെയ്തിരിക്കുന്നു. വീഴ്ചഭവിച്ച ദൂതന്മാരെ നമ്മുടെ ഭൂമിയുടെ അന്തരീക്ഷത്തിൽ തടവിലാക്കിയിരിക്കുന്നു (2പത്രൊ. 2:4 ; യൂദാ.6 ; എഫെ. 2:2 ; 6:12). ഏതിൽനിന്നു ടാർടാറോ എന്ന ക്രിയാപദം ഉണ്ടായോ ആ ടാർടാറസ് എന്ന വാക്കിന്റെ ഗ്രീക്ക് പുരാണ പ്രകാരമുള്ള അർത്ഥം ഇരുണ്ടുമങ്ങിയ തടവറ എന്നാണ്. ബൈബിളിൽ ഈ വാക്കിന്റെ അർത്ഥം ഒരുതരത്തിലും ഒരിടത്തും വീഴ്ചഭവിച്ച ദൂതന്മാരെയല്ലാതെ മനുഷ്യരെ അർത്ഥമാക്കുന്നില്ല. അപ്പൊസ്തലൻ പറയുന്നത് ''ദൈവം ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ട് അന്ധകാരത്തിൻ കീഴിൽ (തടവിൽ) സൂക്ഷിച്ചിരിക്കുന്നു'' എന്നാണ് . തടവിൽ ആക്കുക എന്നതിന് ടാർടാറസ് എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

## ഹേഡീസിൽ നിത്യദണ്ഡനമില്ല

ഗ്രീക്കിൽ ഹേഡീസ് എന്നും എബ്രായയിൽ ഷിയോൾ എന്നുമുള്ള രണ്ടു പദങ്ങളും ജയിംസ് രാജാവിന്റെയും അതുപോലുള്ള മറ്റുചില ബൈബിൾ ഭാഷാന്തരങ്ങളിലും ''നരകം'' എന്ന് ഉപയോഗിച്ചിരിക്കുന്നത് ഒട്ടും തന്നെ അവയിൽ ദണ്ഡനമെന്ന അർത്ഥം ധ്വനിപ്പിക്കത്തെക്ക വിധത്തിലല്ല. പഴയനിയമത്തിൽ എബ്രായയിലുള്ള ഷിയോൾ എന്ന പദവും പുതിയനിയമത്തിൽ ഗ്രീക്കിലുള്ള ഹേഡീസ് എന്ന പദവും ഉപയോഗിച്ചിരിക്കുന്നു. ഷിയോൾ എന്ന വാക്കിന്റെ തുല്ല്യ അർത്ഥത്തിലാണ് ഹേഡീസ് എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് (സങ്കീ.16:10 ; ഹോശ. 13:14 ഇവ അപ്പൊ. 2:31 ; 1 കൊരി.15:55 മായി താരതമ്യം ചെയ്യുക).

ഹേഡീസ് എന്ന ഗ്രീക്ക് വാക്ക് പുതിയ നിയമത്തിൽ 11 പ്രാവശ്യം തർജ്ജമ ചെയ്തിരിക്കുന്നു. അതിൽ 10 പ്രാവശ്യവും നരകം എന്ന അർത്ഥത്തിൽ ''ഹെൽ'' എന്ന ഇംഗ്ലീഷ് പദവും ഒരു പ്രാവശ്യം ശവക്കുഴി എന്ന പദവുമാണ് ഉപയോഗിച്ചിരിക്കുന്നത്. പഴയനിയമത്തിൽ ഷിയോൾ എന്ന എബ്രായപദം 65 പ്രവാശ്യം പ്രയോഗിച്ചിരിക്കുന്നു. അതിൽ 31 പ്രാവശ്യം ശവക്കുഴി എന്നവാക്കും 31 പ്രാവശ്യം നരകം എന്ന വാക്കും 3

പ്രാവശ്യം കുഴി എന്ന വാക്കുമാണ് ഇംഗ്ലീഷിൽ തർജ്ജമയിൽ ഉപയോഗിച്ചിരിക്കുന്നത്.

ദുഷ്ടന്മാർ മാത്രമല്ല ശിഷ്ടന്മാരും കൂടെ തങ്ങളുടെ മരണത്തിൽ ഹേഡീസ് അഥവാ ഷിയോൾഎന്ന പദം കൊണ്ടർത്ഥമാക്കിയിരിക്കുന്ന സ്ഥലത്താണ് എത്തിച്ചേരുന്നത്. യേശുതന്നെയും തന്റെ മരണത്തിൽ അവിടേക്കാണു പോയത് (സങ്കീ.16:10; അപ്പൊ.2:27). കുറേക്കൂടെ നന്നായി പറഞ്ഞാൽ മരണാവസ്ഥയിൽ ശവക്കുഴിയിലെ അബോധാവസ്ഥയുടെ,വിസ്മൃതിയുടെ അല്ലെങ്കിൽ ആസ്തിക്യമില്ലായ്മയുടെ അവസ്ഥയാണിത്. "ചെയ്‌വാൻ നിന്റെ കൈ കണ്ടെത്തുന്നതൊക്കെയും ശക്തിയോടെ ചെയ്യുക, നീ ചെല്ലുന്ന പാതാളത്തിൽ പ്രവൃത്തിയൊ, സൂത്രമൊ, അറിവൊ, ജ്ഞാനമൊ ഒന്നുമില്ല" (സഭാ.9:5,10). ഇതാണ് ആദാമ്യ മരണാവസ്ഥയാകുന്ന ഒന്നാമത്തെ നരകം. ഈ അവസ്ഥയിൽനിന്ന് പുനരുത്ഥാനത്തിന്റെ ഉണർച്ചയിലേക്ക് എല്ലാവരെയും തിരിച്ചുകൊണ്ടുവരും (യെശ.26:19 ; യോഹ.5:28,29).

## ധനവാൻ നരകത്തിൽ (ഹേഡീസിൽ)

ലൂക്കൊസ് 16:23 ൽ ധനവാൻ യാതന സ്ഥലത്ത് അഥവാ നരകത്തിൽ (ഗ്രീക്ക് - ഹേഡീസ്) ആണെന്ന് യേശു പറയുന്നതുകൊണ്ട് ഒരു ദണ്ഡനസ്ഥലത്തെയാണ് ഉദ്ദേശിക്കുന്നതെന്നു ചിലർ പറയുമായിരിക്കും. ഇതുകൊണ്ടർത്ഥമാക്കു ന്നതെന്താണ്? ധനവാന്റെയും ലാസറിന്റെയും ഉപമ വളരെ വ്യക്തമായി കാണിക്കുന്നത് വ്യവസ്ഥാകാല മാറ്റത്തിലൂടെ യഹൂദന്മാരിൽ നിന്നു ജാതികളിലേക്കുള്ള ദൈവത്തിന്റെ കൃപാ ഉടമ്പടിയുടെ മാറ്റത്തെയാണ് (ലൂക്കൊ.16:16). റോമ 11 കാണിക്കുന്നത് യഹൂദയുഗാവസാനം (മത്താ. 21:43 ; 23:37–39 വരെയും ഉള്ളഭാഗം) യഹൂദന്മാർ തങ്ങളുടെ മേലുണ്ടായിരുന്ന ദൈവത്തിന്റെ പ്രത്യേക കൃപയിൽനിന്നു തള്ളപ്പെട്ടുപോയതിനെയാണ്. സുവിശേഷയുഗത്തിൽ അന്യനാടുകളിലേക്ക് യഹൂദന്മാർ ചിന്നിച്ചിതറിപ്പോയ സമയത്ത് അവർ പീഢിപ്പിക്കപ്പെട്ടു - ഹിറ്റ്ലറുടെ അഗ്നിസമാനമായ പീഢനങ്ങൾ ഉൾപ്പെടെ. ജാതികൾ ലാസറിനാൽ ചിത്രപ്പെടുത്തപ്പെട്ടത് ദൈവകൃപയിൽനിന്ന് അന്യപ്പെട്ടുപോയതിനാൽ യഹൂദന്മാർക്കുണ്ടായ നാശമാണു കാണിക്കുന്നത്. എന്നാൽ ക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചവർ "സാക്ഷാൽ യിസ്രായേല്യർ" ദൈവത്തിന്റെ വലിയകൃപയിൻ ഉടമ്പടിക്കു ഉടമകളായിതീർന്നു. അബ്രഹാമിന്റെ മടിയുടെ ഉപമയാൽ ചിത്രപ്പെടുത്തിയ ദൈവകൃപ ലഭിച്ച് അവർ സുവിശേഷയുഗസഭയുടെ ഭാഗമായിതീർന്നു.

റോമ പതിനൊന്നും സന്ദർഭവും അനുസരിച്ച് ഈ ഉപമ വെളിവാക്കുന്നത് യഹൂദന്മാരിൽ നിന്നു ജാതികളിലേക്കുള്ള ദൈവകൃപയുടെ വ്യവസ്ഥാ കാലമാറ്റത്തെയാണ്. മനുഷ്യവർഗ്ഗത്തെ പൊതുവെ അല്ലതാനും. സുവിശേഷയുഗത്തിലെ യഹൂദന്മാരുടെ പ്രത്യേക "ദണ്ഡനം" അവസാനിച്ച് സ്വദേശത്തേക്കുള്ള മടക്കയാത്രയ്ക്ക് അവർക്ക്

വീണ്ടും ദൈവകൃപ ലഭിച്ച് അവരുടെ അന്ധതകളെല്ലാം ക്രമേണ നീക്കപ്പെട്ട് രക്ഷപ്രാപിക്കുന്നതിനുള്ള സമയം അവർക്ക് കൈവന്നിരിക്കുന്നു എന്നറിയുന്നതു കൊണ്ട് ഞങ്ങൾ സന്തോഷമുള്ളവരാണ് (റോമ.11:25); യഹൂദന്മാരുടെ പ്രത്യാശകളും പ്രതീക്ഷകളും എന്ന ഞങ്ങളുടെ ബുക്ക്ലറ്റ് – ഇംഗ്ലീഷ് കാണുക).

## ഗീഹെന്നായിൽ നിത്യദണ്ഡനമില്ല

എന്നാൽ ഗീഹെന്നാ എന്ന ഗ്രീക്കുവാക്ക് എന്തിനെക്കുറിക്കുന്നു, ഇതു ദുഃഷ്ടന്മാരെ എന്നേക്കും ദണ്ഡിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥലത്തെ ചിത്രീകരിക്കുന്നതിനാണോ ഉപയോഗിച്ചിരിക്കുന്നത്? ഗീഹെന്നാ എന്ന ഗ്രീക്കുവാക്ക് പുതിയനിയമത്തിൽ 12 സ്ഥലത്ത് ഉപയോഗിച്ചിരിക്കുന്നു. ഓരോ സ്ഥലത്തും അത് ''നരകം'' എന്ന് തർജ്ജമചെയ്തിരിക്കുന്നു. ഗ്രീക്കു ഭാഷയുടെ അക്ഷര രീതിയനുസരിച്ച് 'ഗെഹിന്നോം' എന്നെഴുതിയിരിക്കുന്ന ഒരു എബ്രായവാക്കാണ് ഗീഹെന്ന. ഇത് ''ഹിന്നോമിന്റെ താഴ്‌വര'' എന്ന് തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നു. ബൈബിളിൽ ഇതിനെക്കുറിച്ച് ആദ്യം പറഞ്ഞിരിക്കുന്നത് ജറുശലേമിനടുത്തുള്ള ഒരുസ്ഥലത്തിന്റെ താഴ്‌വരയായിട്ട് യോശുവ 15:8 ലും 18:16 ലും ആണ്.

യിസ്രായേല്യർ അനുവർത്തിച്ചുപോന്ന വിഗ്രഹാരാധനയുടെ നിന്ദ്യമായഭാവം പിൽകാലത്ത് ഹിന്നോമിന്റെ താഴ്‌വരയെ ഉദ്ധരിച്ച് ചിത്രീകരിച്ചിട്ടുണ്ട്. ആഹാസ്, മനശ്ശെ തുടങ്ങി ചില യിസ്രായേല്യ രാജാക്കന്മാർ ഈ ദുഷിച്ച വിഗ്രഹാരാധന പിൻതുടർന്നവരാണ് (2 രാജാ.16:3; 17:17 ; 21:6 ; 2 ദിന.28:3 ; 33:6). ചരിത്രം നമ്മോടു പറയുന്നത്, ജാതീയ ദേവനായ മോലേക്കിന് യിസ്രായേല്യർ അവിടെ വിഗ്രഹം പണിതു എന്നാണ്. പലസ്ഥലത്തും ആവേശപൂർവ്വം തന്നിഷ്ടത്തോടെ അവർ അതിന് ആരാധന കഴിച്ചു. ഒടുവിൽ ഹിന്നോമിന്റെ താഴ്‌വരയെ മോലേക്കിന്, ഏറ്റം അറയ്ക്കപ്പെട്ട ബലികഴിക്കുന്നതിനുള്ള സങ്കേതമാക്കി മാറ്റി. അകം പൊള്ളയായ മോലേക്കിന്റെ പിച്ചളനിർമ്മിത വിഗ്രഹത്തിനകത്ത് ഇന്ധനമിട്ടു പഴുപ്പിച്ച് ചുവപ്പുനിറമാക്കി ആ വലിയ വിഗ്രഹത്തിന്റെ കൈകളിലേക്ക് നഗ്നമായി ഒരു കൊച്ചുകുഞ്ഞിനെ വയ്ക്കുന്നു. അത്യന്തം ഹീനവും ഭയാനകവുമായി ഒരു കൊച്ചുകുഞ്ഞു ബലികഴിക്കപ്പെടുമ്പോൾ പുറത്തുവരുന്ന അതിന്റെ കരച്ചിലിന്റെ ശബ്ദത്തോട് വിഗ്രഹാരാധികളുടെ ആർപ്പുവിളികളും സംഗീതോപകരണങ്ങളുടെ ധ്വനികളും ചേർത്തു അവർ അതിനെ വരവേൽക്കുന്നു (യിര.32:35).

മനുഷ്യത്വരഹിതവും ക്രൂരവും യാതനാദണ്ഡനങ്ങളോട് ബന്ധമുള്ളതുമായ എല്ലാ കാര്യങ്ങളും യിസ്രായേലിനുകൊടുത്ത ദൈവീക നിയമത്തിൽ കർശ്ശനമായും പ്രത്യേകമായും വിലക്കിയിരുന്നു (ലേവ്യ.18:21; 20:2-5 ; ആവ. 18:10). ദൈവം ഇതിനെ ''തിന്മ'' (പാപം) എന്നും ''അറയ്ക്കപ്പെട്ട കാര്യം'' എന്നും വിളിച്ച് ഇതിനെക്കുറിച്ച് ''അതു ഞാൻ കല്പിച്ചിട്ടില്ല, അരുളിചെയ്തിട്ടില്ല, എന്റെമനസ്സിൽ (ഹൃദയത്തിൽ) വന്നിട്ടുമില്ല എന്നു പറഞ്ഞിരിക്കുന്നു'' (യിര.7:31 ; 19:5 ; 32:35).

നമ്മുടെ മഹോന്നതനും ജ്ഞാനിയും നീതിമാനും സ്നേഹവാനും ശക്തനും ആയ ദൈവമായ യഹോവ കൊച്ചുകുഞ്ഞുങ്ങളെ ദണ്ഡിപ്പിച്ചു ദഹിപ്പിച്ചു ബലികഴിക്കുന്ന ഹീനമായ വിഗ്രഹാരാധനയെ പാപമെന്നും ഒരു വെറുക്കപ്പെട്ട കാര്യമെന്നും തന്റെ ഹൃദയത്തിലൊ, മനസ്സിലൊ, വിചാരിച്ചിട്ടു പോലുമില്ലാത്ത കാര്യമെന്നും വിളിച്ചിരിക്കുന്നതുകൊണ്ട്, ചിലർ ചെയ്യുകയും പറയുകയും ചെയ്യുന്നതുപോലെ കോടാനുകോടികളായ തന്റെ സൃഷ്ടികളെ ദൈവം ഏതാനും നിമിഷത്തേക്കു മാത്രമല്ല നൂറ്റാണ്ടു കളായി അഗ്നിയിൽ ദണ്ഡിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നുപറയുന്നത് മഹാദൈവത്തിന് വലിയ നിന്ദയും അപമാനവും പേരുദോഷവും വരുത്തിവയ്ക്കുന്നതല്ലെ?

2 രാജാ. 23:10 – അതിന്റെ സാഹചര്യവും യഹൂദയിലെ ഒരു നല്ല രാജാവായിരുന്ന യോശീയാവ് എങ്ങനെയാണ് മോലേക്കിനുള്ള ആരാധന ഉൾപ്പെടെ വിഗ്രഹാരാധന തുടച്ചുനീക്കി ദേശീയമായ ഒരു സാമൂഹിക പരിഷ്കാരം നടപ്പിലാക്കിയത് എന്ന് നമ്മേടുപറയുന്നു. അതിനുശേഷം ഹിന്നോമിന്റെ താഴ്‌വരയ്ക്ക് ദഹനസ്ഥലം എന്നർത്ഥമുള്ള ടോപേത് എന്ന ഒരു പുതിയ പേരുണ്ടായി. യോശീയാ രാജാവിന്റെ ഈ സാമൂഹിക നവീകരണത്തിനുശേഷം പിന്നീടൊരിക്കലും വീണ്ടും അവിടം മതപരമായ ആരാധനകൾക്കോബലികൾക്കോ അല്ലങ്കിൽ അങ്ങനെയുള്ള ആചാരങ്ങൾക്കോ പറ്റിയ സ്ഥലം എന്നുകണ്ട് ഉപയോഗിക്കാതിരിക്കത്തക്കവണ്ണം അതിനു കല്പിച്ചുതന്ന പരിശുദ്ധി എടുത്തു കളഞ്ഞു. നഗരത്തിലെ പാഴ്‌വസ്തുക്കളും മാലിന്യങ്ങളും മറ്റും കത്തിച്ചു കളയുന്നതിനുള്ള സ്ഥലമായി അവിടം ഉപയോഗിക്കാൻ തുടങ്ങി.

സാധാരണ സാഹചര്യത്തിൽ നഗരത്തിലെ മരിക്കുന്നവരെ യറുശലേമിനു കിഴക്കുള്ള യഹോശാഫാത്തിന്റെ താഴ്‌വരയിൽ അടക്കം ചെയ്തിരുന്നു. എന്നാൽ മറ്റു ചില ദുഷ്ടന്മാരായ കുറ്റവാളികളുടെ ശവശരീരങ്ങൾ ഹിന്നോമിന്റെ താഴ്‌വരയായ ഗീഹെന്നായിലേക്കു വലിച്ചെറിയുക പതിവായിരുന്നു.അവിടെ അവ ദഹിപ്പിച്ചുതീർത്തത് പുഴുക്കളും തീയുമായിരുന്നു. കുറ്റകൃത്യങ്ങളും കുറ്റവാളികളും ആളുകളുടെ കണ്ണുകൾക്ക് നിഷിദ്ധമായിരുന്നു. ഇതു കാണിക്കുന്നത് കുറ്റവാളികളുടെ കാര്യങ്ങൾ പ്രത്യാശയില്ലാത്തതും അവർ ശവസംസ്കാരത്തിന് അയോഗ്യരും എന്നാണ്. എന്നാൽ ജീവനുള്ള വസ്തുക്കളെ ഒരിക്കലും ഈ താഴ്‌വരയിലേക്ക് എറിഞ്ഞുകളഞ്ഞിരുന്നില്ല. കാരണം യാതൊരു ജീവിയെ എങ്കിലും ദണ്ഡിപ്പിക്കുന്നത് യഹൂദന്മാർക്ക് വിലക്കപ്പെട്ട കാര്യമായിരുന്നു.

യേശുവിന്റെ ചിത്രീകരണത്തിനടിസ്ഥാനമായ അക്ഷരിക ഗീഹെന്നായിലെ തീയിലേക്ക് നഗരത്തിലെ മാലിന്യങ്ങളും പാഴ്‌വസ്തുക്കളും മറ്റും എറിഞ്ഞുകളഞ്ഞത് തീ പിടിക്കുന്ന വസ്തുക്കൾ കത്തിനശിക്കേണ്ടതിന് ഗന്ധകംകൂടെ കൂട്ടിച്ചേർത്താണ്. തീ പിടിച്ചു നശിക്കാതിരുന്ന വസ്തുക്കൾ പുഴുക്കൾ തിന്നു തീ നശിപ്പിക്കുന്നതു പോലെ പൂർണ്ണമായി നശിപ്പിച്ചു. പുഴുവും തീയും ചേർന്ന് നാശം

പൂർണ്ണമാക്കി – തീ അണഞ്ഞില്ല, പിന്നെയോ തീ കത്തുന്നതെല്ലാം പൂർണ്ണമായി ദഹിച്ചുതീരുവോളം കത്തികൊണ്ടിരുന്നു (മർക്കോ.9:44,46,48). ഇതൊരു കെടാത്തതീയെ അല്ല അർത്ഥമാക്കുന്നത്. എന്നേക്കും ജീവിച്ചിരിക്കുന്ന പുഴുവിനെയുമല്ല ഇത് അർത്ഥമാക്കുന്നത്. എന്നാൽ അതിലുപരിയായി പുഴുചാകാതെയും നാശാവസ്ഥ പൂർണ്ണമാകാതെയും ശവശരീരം പിന്നെയും ശേഷിക്കുന്നില്ല. ഗീഹെന്ന എന്ന പദത്തിന്റെ വേദപരമായ അർത്ഥത്തിൽ നിത്യദണ്ഡനത്തിന്റെ യാതൊരു ചിന്തയുംഅടങ്ങിയിട്ടില്ല. അന്തിമമായി സാത്താനെയും അവന്റെ വഴികളെയും രീതികളെയും പിൻതുടരുന്നതിനു തീരുമാനിക്കുന്നവർക്ക് പരിപൂർണ്ണമായും നിശേഷമായും നിത്യമായും നാശം ആണ് എല്ലാറ്റിലും ഉപരി തീ കൊണ്ടു ചിത്രപ്പെടുത്തി കാണിക്കുന്നത്.

## തീപൊയ്ക

ചിലർ ചോദിച്ചേക്കാവുന്നത് : നിത്യമായി അക്ഷരിക തീയിൽ സുബോധത്തോടെ ദണ്ഡനം അനുഭവിക്കുന്ന ഒരു സ്ഥലമല്ലേ തീപൊയ്ക (വെളി. 19:20 ; 20:11,14,15 ; 21:8)? ഞങ്ങളുടെ ഉത്തരം, അല്ല. ഗീഹെന്നാ പോലെ ഇതും നിശ്ശേഷവും പൂർണ്ണവും നിത്യവുമായ നാശത്തെയാണ് ചിത്രപ്പെടുത്തുന്നത്. വെളി.20:14; 21:8 എന്നീ വാക്യങ്ങളിലെ ലളിതമായ പ്രസ്താവനകൾ ഇത് നന്നായി വ്യക്തമാക്കുന്നു. ഇതു രണ്ടാം മരണത്തെയാണ് ചിത്രപ്പെടുത്തുന്നത്.

ഒരു മനുഷ്യൻ ഒരു പടത്തെ നോക്കികൊണ്ട് ഇതെന്റെ പിതാവാണെന്നു പറയുന്നതുപോലെ ഇവിടെ നമുക്ക് വളരെ വ്യക്തമായ ഒരു ചിത്രീകരണമാണുള്ളത്. പടം യഥാർത്ഥത്തിൽ അവന്റെ പിതാവല്ല, എന്നാൽ അത് അവന്റെ പിതാവിനെ പ്രതിനിധീകരിക്കുന്നു. അവസാനത്തെ അത്താഴം സ്ഥാപിക്കുന്ന സമയത്ത് അപ്പത്തെ സംബന്ധിച്ചുള്ള യേശുവിന്റെ പ്രസ്ഥാവന വളരെ നല്ല ഒരു ഉദാഹരണമാണ്. യേശു പറഞ്ഞത്, ‘‘ഇത് എന്റെ ശരീരമാകുന്നു (എന്റെ ശരീരത്തെ പ്രതിനിധീകരിക്കുന്നു)’’ – (ലൂക്കൊ. 22:19). യേശു ഉപയോഗിച്ച അപ്പം മാന്ത്രികമായോ അല്ലെങ്കിൽ മറ്റേതെങ്കിലും അർത്ഥത്തിലൊ തന്റെ ശരീരമാണെന്നല്ല യേശു പറഞ്ഞതെന്നു നമുക്കറിയാം, കാരണം അപ്പോഴും യേശു തന്റെ ജഡശരീരത്തിൽ അവരോടുകൂടി ഉണ്ടായിരുന്നു. അപ്പം തന്റെ ശരീരത്തെ പ്രതിനിധീകരിക്കുന്നു എന്നു മാത്രമാണ് യേശു അവരോട് വ്യക്തമായി പറഞ്ഞത്.

ഇതേ രീതിയിൽ തന്നെ തീപൊയ്ക മരണത്തെയാണ് ചിത്രപ്പെടുത്തുന്നത്, ജീവനെയല്ല – രണ്ടാം മരണത്തെത്തന്നെ. ഈ മരണത്തിന് യാതൊരർത്ഥത്തിലും ജീവനെന്ന് അർത്ഥമില്ല. ഇത് ജീവന്റെ നേരെ എതിരനുഭവമാണ്. അതായത് ജീവന് അവസാനം വരുത്തുന്ന, ജീവനിൽ നിന്നു ഛേദിക്കുന്ന അല്ലെങ്കിൽസമ്പൂർണ്ണവുംനിശേഷവും എന്നേക്കുമുള്ളതുമായ ഉന്മൂലനാശം തന്നെ. മരണത്തെയും ജീവനിൽ നിന്നുള്ള ഛേദനത്തെയുമെല്ലാം ജീവന്റെ വിവരീതാനു ഭവമായിട്ട് അഥവാ

ഒന്ന് മറ്റൊന്നിന്റെ നേരെ എതിരനുഭവമായിട്ട് ബൈബിളിൽ ധാരാളം പ്രാവശ്യം വളരെ ലളിതമായിട്ട് ആവിഷ്കരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. താഴെവരുന്ന വേദഭാഗം ഇതെത്ര സുതാര്യമായി വെളിപ്പെടുത്തുന്നു എന്ന് ശ്രദ്ധിക്കുക. ''ഇതാ ഞാൻ ഇന്ന് ജീവനും ഗുണവും മരണവും ദോഷവും നിന്റെ മുമ്പിൽ വെച്ചിരിക്കുന്നു'' (ആവ. 30:15,19). ''പാപത്തിന്റെ ശമ്പളം മരണമത്രെ; ദൈവത്തിന്റെ കൃപാവരമൊ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ'' (റോമ.6:23 ; 5:21) ''നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം, ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലൊ നിങ്ങൾ ജീവിക്കും'' (റോമ.8:13; ഗലാ.6:8). ''ഇവർ നിത്യദണ്ഡന ത്തിലേക്കും (ഗ്രീക്കിൽ ദണ്ഡനമെന്നല്ല ഛേദനം എന്നർത്ഥമുള്ള കൊലാസിൻ എന്നവാക്കാണ് ഉപയോഗിച്ചിരിക്കുന്നത്) നീതിമാന്മാർ നിത്യജീവനിലേക്കു പോകും'' (മത്താ.25:46).

## തീ ദൈവത്തെക്കുറിച്ചുള്ള ജീർണ്ണ ചിന്തയല്ല

അതുകൊണ്ട് ബില്ലിഗ്രഹാമിന്റെ പ്രതിപാദ്യത്തിലെ '' 'തീ' ദൈവത്തെക്കുറിച്ചുള്ള ജീർണ്ണവും ഫലിതരൂപേണയുള്ള പരിഹാസ്യവും എത്തും പിടിയും ഇല്ലാത്തതുമായ ഒരിക്കലും കെടാത്ത ഒരു ദാഹമായിരിക്കാം'' എന്നുള്ള ആശയം- ''തീപൊയ്ക അതു (വെളി.20:15; 21:8) ബൈബിളിന്റെ പ്ലാനോടും പഠിപ്പിക്കലുകളോടും ഒട്ടും തന്നെ യോജിക്കാത്തതാണ് എന്നു വളരെ വ്യക്തമാണ്. ബൈബിൾ പറയുന്നു (സങ്കീ. 146:4 ; താരതമ്യത്തിന് 6:5;115:17 ; ഇയ്യോ.14:21), ''അവന്റെ ശ്വാസം പോകുന്നു, അവൻ മണ്ണിലേക്ക് തിരിയുന്നു, അന്നു തന്നെ അവന്റെ നിരൂപണങ്ങൾ നശിക്കുന്നു''. പിന്നെ ബൈബിളിൽ പ്രതിപാദിക്കുന്ന നരകത്തിൽ ''അടങ്ങാത്ത ചിന്തയുടെ ഒരു ദാഹം''ഉണ്ടായിരിക്കുകയില്ല. ''നിങ്ങൾ മരിക്കയില്ലാ നിശ്ചയം'' എന്നുള്ള സാത്താന്റെ ഒന്നാമത്തെ നുണപറച്ചിലിൽ നാം വിശ്വസിക്കയാണെങ്കിൽ മാത്രമേ രണ്ടാം മരണം എന്നതു കൊണ്ട് മരണത്തെ അല്ല അർത്ഥമാക്കുന്നത് ദണ്ഡനം അനുഭവിക്കുന്നതിലൂടെയോ അല്ലെങ്കിൽ മറ്റേതെ ങ്കിലും തരത്തിലൂടെയോ ഉള്ള ജീവനെയാണതർത്ഥമാക്കുന്നതെന്നു നമുക്ക് വിശ്വസിക്കാൻ കഴി യുകയുള്ളു (ഉല്പ. 3:4 ; യോഹ. 8:44).

## മരണം ദൈവത്തിൽനിന്നു വെറുതെ ഉള്ള ഒരു വേർതിരിക്കലല്ല

എന്നാൽ രണ്ടാം മരണം ദൈവത്തിൽ നിന്നുള്ള ഒരു നിത്യമായ വേർതിരിക്കൽ മാത്രമാണെന്ന് ചിലർ പറയുന്നു. ഇത് സാത്താന്റെയും വീഴ്ചഭവിച്ച ദൂതന്മാരുടെയും ഒരു ന്യായവാദം മാത്രമാണ്. മുകളിൽ കാണിച്ചിരിക്കുന്ന പ്രകാരം ഇത് താഴെപ്പറയുന്ന കാര്യങ്ങളല്ല എന്ന് ബൈബിൾ വ്യക്തമായി പ്രസ്താവിക്കുന്നു : (1) സന്തോഷത്തോടെയുള്ള നിത്യജീവൻ (2) അതിനു വിപരീതമായി ദൈവത്തിൽ നിന്നുള്ള നിത്യമായ വേർതിരിക്കൽ, എന്നാൽ ഒന്ന് നിത്യജീവനും മറ്റത് നിത്യമരണവുമാണ്.

അതിൽ രണ്ടാം മരണമാകുന്ന ഗീഹെന്നാ ദൈവത്തിൽ നിന്നുള്ള നിത്യമായ വേർതിരിക്കൽ മാത്രമല്ല പിന്നയോ അത് പുനരുത്ഥാനം വാഗ്ദത്തം ചെയ്തിട്ടുള്ള ഒന്നാമത്തെ (ആദാമ്യ) മരണത്തെക്കാൾ (എബ്രാ. 10:28) കഠിനമായ പരമാവധി ശിക്ഷയാണ് (എബ്രാ. 10:29). ഇത് പരിപൂർണ്ണവും നിശേഷവും ശാശ്വതമായ ഉന്മൂലനാശവുമായ ശിക്ഷയാണ്.

## സാത്താൻ നശിക്കപ്പെടാനുള്ളവനാണ്

രണ്ടാം മരണമാകുന്ന തീപൊയ്കയുടെ അർത്ഥം എന്നേക്കുമായുള്ള നാശം എന്നാണ്. കാരണം തീപൊയ്കയിൽ തള്ളിയിടപ്പെടുന്ന സാത്താൻ അന്തിമമായി പൂർണ്ണമായും നിശ്ശേഷ മായും ഉന്മൂലമായി നശിപ്പിക്കപ്പെടും എന്ന് വേറെയും വേദന്യായങ്ങൾ ബൈബിളിൽ പലഭാഗത്തും ഉണ്ട്. എബ്രായർ. 2:14 ൽ വ്യക്തമായി പറയുന്നത് മരണത്തിന്റ അധികാരി യായ ''പിശാചിനെതന്റെ മരണത്താൽ നീക്കുന്നതിന് (ശൂന്യമാക്കു ന്നതിന് – ഇല്ലായ്മയുടെ അനുഭവം)'' യേശു ജഡരക്തങ്ങളോടു കൂടിയവ നായി എന്നാണ്. നമ്മുടെ കർത്താവായ യേശു തന്റെ രണ്ടാമത്തെ വരവിൽ സാത്താനെ ആയിരം ആണ്ടത്തേക്ക് ചങ്ങലയിട്ടു ബന്ധിക്കുന്നു (വെളി.20:1,2). അതിനുശേഷം ആർക്കെല്ലാമാണ് നിത്യജീവൻ നല്കേണ്ടതെന്ന് അറിയുന്നതിന് ഭൂമിയിൽ വസിക്കുന്നവരെ പരിശോധിക്കുന്നതിന് സാത്താനെ ''ഒരു അല്പ കാലത്തേക്ക്'' അഴിച്ചു വിടേണ്ടതാകുന്നു (വാക്യം3,7,8). ആ പരിശോധനയും പൂർത്തിയായതിനു ശേഷം പ്രതീകാത്മ കമായി നിത്യാഗ്നിയിലേക്ക് (മത്താ.25:41) പറഞ്ഞയക്കുന്നതായി കാണിക്കുന്ന പ്രകാരം പിശാചിനെയും അവന്റെ ദൂതന്മാരെയും രണ്ടാം മരണമാകുന്ന തീ പൊയ്കയിൽ എന്നേക്കുമായി ഇല്ലായ്മപ്പെടുത്തും. ചിലർ തെറ്റായി ചിന്തിക്കുന്ന പ്രകാരം ദുഃഷ്ടന്മാരെ കർമ്മനിരതരായി എന്നേക്കുമായി വെച്ചുകൊണ്ടിരുന്ന് അക്ഷരിക തീയിലോ അല്ലാതെയോ ഉള്ള ദണ്ഡിപ്പിക്കലല്ല.

എബ്രായർ 2:14 ൽ പിശാചിനെ തന്റെ മരണത്താൽ ''നീക്കുന്നതിന് '' എന്നുള്ളതിന് ഉപയോഗിച്ചിരിക്കുന്നത് 'കറ്റാർഗോ' എന്ന ഗ്രീക്കു വാക്കാണ്. ''അധികാരം ഇല്ലാതാക്കുക'' അല്ലെ ങ്കിൽ ''അധികാരം തിരികെ എടുത്തു കളയുക'' എന്നുള്ള ആശയമാണ് ഈ വാക്കിനുള്ളത്. ഏതെങ്കിലും തരത്തിൽ അധികാരം പരിമിതപ്പെടുത്തിയാൽ അധികാരം ഇല്ലാതാവുകയില്ല. സാത്താന്റെ അധികാരം ഇല്ലാതാക്കി തീർക്കുന്നതിന് തീർച്ചയായും അവന്റെ ജീവൻ തിരികെ എടുത്തുകളയേണ്ടിയിരിക്കുന്നു. സാത്താന്റെ അധികാരം ഇല്ലാതാക്കിതീർക്കുകയോ എടുത്തു കളയുകയോ ചെയ്യുന്നതിന് അവന്റെ ജീവനെ ഇല്ലാതാക്കി തീർക്കുകയോ തിരികെ എടുത്തു കളയുകയോ ചെയ്യുന്നതിനെക്കാൾ ഫലപ്രദമായ മാർഗ്ഗംവേറെ ഇല്ല. വെറുതെ അവന്റെ സ്വാതന്ത്ര്യം തടയുകമാത്രം ചെയ്ത് അവനെ ആസ്തിക്യത്തിൽ നിലനിർത്തിയാൽ ഏറ്റം ചെറിയ അളവിലെങ്കിലും ദൈവത്തിനും നീതിക്കും എതിരായി അധികാരം പരിചയിക്കാൻ അവനു കഴിയും. പരിപൂർണ്ണമായും ഫലപ്രദമായും തീർത്തും അവന്റ അധികാരം

ഇല്ലാതാക്കി തീർക്കുന്നതിന് പൂർണ്ണമായിട്ടും നിശ്ശേഷമായിട്ടും ശാശ്വതമായി അവന് ഉന്മൂലനാശം വരുത്തേണ്ടിയിരിക്കുന്നു.

കറ്റാർഗോ എന്ന ഗ്രീക്ക് വാക്കിന്റെ താഴെ വരുന്ന പുതിയ നിയമഭാഗത്തെ തർജ്ജമകൾ വ്യക്തമായി സൂചിപ്പിക്കുന്നത് അത് പരിപൂർണ്ണ നാശത്തെയാണ് അർത്ഥമാക്കുന്നത് എന്നാണ്: 1കൊരി.13:8ൽ പ്രവചനവരമോ അതു നീങ്ങിപ്പോകും; ജ്ഞാനമോ അതു നീങ്ങിപ്പോകും എന്നും 1കൊരി.13:10ൽ അംശമായതു നീങ്ങി പ്പോകും എന്നും 1കൊരി.15:24 ൽ എല്ലാവാഴ് ചയ്ക്കുംഅധികാരത്തിനും ശക്തിക്കും നീക്കം വരുത്തിയിട്ട് എന്നും 1 കൊരി. 15:26 ൽ ഒടുക്കത്തെ ശത്രുവായിട്ട് മരണം നീങ്ങിപ്പോകും എന്നും 2കൊരി. 3:7 ൽ മരണ ശുശ്രൂഷ, നീക്കം വരുന്നതായ എന്നും 2 കൊരി. 3:14 ൽ അതു ക്രിസ്തുവിൽ നീങ്ങിപ്പോകും എന്നും എഫെ. 2:15 ൽ ശത്രുത്വം തന്റെ ജഡത്താൽ നീക്കി എന്നും 2തെസ. 2:7,8 വാക്യങ്ങളിൽ തടുക്കുന്നവൻ വഴിയിൽ നിന്നു നീങ്ങിപ്പോവുക മാത്രം വേണം....... അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും എന്നും എഴുതിയിരിക്കുന്നത് ഇതു വ്യക്തമാക്കുന്നു.

ഒരു സൂഷ്മ പരിശോധന നടത്തിയാൽ ആസ്തിക്യം ഇല്ലാതാക്കുക അല്ലെങ്കിൽ നിശ്ശേഷം ഇല്ലായ്മ ചെയ്യുക എന്ന അർത്ഥത്തിൽ എബ്രാ.2:14 ൽ കറ്റാർഗോ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതിൽ ഒട്ടും കുറഞ്ഞ അർത്ഥത്തിലല്ല മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളിലും കറ്റാർഗോ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതെന്നു കാണാൻ കഴിയും. ആദാമ്യ മരണത്തിന്റെയും എതിർക്രിസ്തുവിന്റെയും നാശത്തെ കാണിക്കുന്നതിന് ഈ പദം എങ്ങനെയാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് പ്രത്യേകം ശ്രദ്ധിക്കുക. സാത്താനെയും ശേഷിക്കുന്ന മനപ്പൂർവ്വ അനുസരണ ക്കേടുകാരായ ദുഃഷ്ടന്മാരെയും ദൈവം അന്തിമമായി ഇല്ലായ്മപ്പെടുത്തി നശിപ്പിച്ചുകളയും. ''സകല ദുഃഷ്ടന്മാരെയും അവൻ നശിപ്പിക്കും'' (സങ്കീ. 145:20). ''അതിക്രമക്കാർ ഒരുപോലെ മുടിഞ്ഞു പോകും ; ദുഃഷ്ടന്മാരുടെ അവസാനം ഛേദനമായിരിക്കും'' (സങ്കീ. 37:38).

യെഹെസ്ക്കേൽ 28-ാം അദ്ധ്യായത്തിൽ സോർ പ്രഭുവിന്റെ ചിത്രീകരണത്തിൽ കൂടെ സാത്താനെയാണ് അവതരിപ്പിച്ചിരിക്കുന്നത്. വാക്യം 12 മുതൽ 15 വരെയുള്ള ഭാഗത്ത് നിന്നിൽ നീതി കേടുകണ്ടതുവരെ നീ ''ചിറകുവിടർത്തി മറയ്ക്കുന്ന കെരൂബ് ''ആയിരുന്നു എന്നുള്ള വിവരണം അവന് ഏദനിലുണ്ടായിരുന്ന യഥാർത്ഥ പൂർണ്ണതയെയും പദവിയെയും കുറിച്ചാണ്. അവസാനം അവനും നിശ്ശേഷംനശിപ്പിക്കപ്പെ ടേണ്ടതാണ്. 19-ാംവാക്യത്തിൽ ''നീ സദാകാല ത്തേക്കും ഇല്ലാതെയാകും'' എന്നുള്ള വാക്കുകളിൽ കൂടെ വെളിപ്പെടുത്തി കാണിക്കുന്നത് ഈ നാശത്തെയാണ്. ആർക്കുവേണ്ടിയിട്ട് ഒരു ദഹനസ്ഥലം (ഹിന്നോമിന്റെ താഴ്വര അല്ലെങ്കിൽ ഗീഹെന്ന) ഒരുക്കിയിരിക്കുന്നുവോ പ്രാവചനി കാർത്ഥത്തിൽ ആ രാജാവായി സാത്താനെ ചിത്രീകരിച്ചു കാണി ച്ചിരിക്കുന്നു (യെശ. 30:33). ഇതും കാണിക്കുന്നത് പിശാചിന് പരിപൂർണ്ണ

മായും എന്നേക്കുമായും ഉന്മൂലനാശം സംഭവിക്കേണ്ടതാണ് എന്നാണ്. അതിനെ 'ആഴവും വിശാലവു'മാക്കിയിരിക്കുന്നു എന്നുള്ളതു കൊണ്ടർത്ഥമാക്കുന്നത് ആ നാശത്തിൽനിന്നുള്ള വിടുതൽ അസാദ്ധ്യ മാണെന്നാണ്. 'വളരെ തീയും'വിറകും ഉണ്ട് എന്നുള്ളതു കാണിക്കുന്നത് നാശം ഉറപ്പാണ് എന്നുള്ളതാണ്. ''യഹോവയുടെ ശ്വാസം ഒരു ഗന്ധകനദി പോലെ അതിനെ കത്തിക്കും'' എന്നുള്ളതു കാണിക്കുന്നത് നാശാവസ്ഥ നിത്യമായിരിക്കും എന്നാണ്.

## നാശാവസ്ഥ ദുഃഷ്ടമനുഷ്യർക്കുംകൂടെ ഉള്ളതാണ്

വെളിപ്പാട്. 20:15 ൽ ''ജീവപുസ്തകത്തിൽ പേരെഴുതികാണാത്ത ഏവനെയും തീപ്പൊയ്കയിൽതള്ളിയിടും'' എന്നു പറഞ്ഞിരിക്കുന്നതു കൊണ്ട് അർത്ഥമാക്കുന്നത് രണ്ടാം മരണമാകുന്ന തീപ്പൊയ്ക ദുഃഷ്ട മനുഷ്യർക്കുകൂടെവരേണ്ടിയിരിക്കുന്ന നിത്യനാശമാണ് എന്നാണ്. മറ്റനേക വേദഭാഗങ്ങളും വ്യക്തമായി കാണിക്കുന്നത് ദുഃഷ്ടമനുഷ്യർ അവസാനം എന്നേക്കുമായി പരിപൂർണ്ണമായി നശിപ്പിക്കപ്പെടും എന്നാണ്

മനുഷ്യാത്മാവ് അമർത്യമാണെന്ന് പ്ലേറ്റോ പഠിപ്പിക്കുകയും അത് സുവിശേഷയുഗത്തിന്റെ ആരംഭകാലത്ത് നാമധേയ ക്രിസ്ത്യനികളുടെ വിശ്വസപ്രമാണത്തിൽ സ്ഥാനംപിടിക്കുകയും ചെയ്തു. ഇതു വേദപഠിപ്പിക്കലുകൾക്ക് നേരെ വിപരീതമാണ്. വേദപഠിപ്പിക്കലുകൾ മനുഷ്യാ ത്മാവു മർത്യവും അതിനു മരിക്കാൻ കഴിയുന്നതു മാണെന്നാണ്. തെളിവിന് താഴെ വരുന്ന വേദഭാഗങ്ങൾ കാണുക : ഇയ്യോ. 36:14 ; സങ്കീ. 22:29 ; 30:3 ; 33:18,19 ; 49:8 ; 56:13 ; 78:50 ; 116:8 ; യെശ.53:10,12 ; 55:3 ; യെഹെ. 13:19 ; 18:4,20,26; മത്താ. 26:38 ; യാക്കോ. 5:20. ആലങ്കാരികഭാഷയി ലല്ലാതെ നേരെ പറഞ്ഞിരിക്കുന്ന വേദപഠിപ്പിക്കലുകൾ കാണിക്കുന്നത് ദുഃഷ്ടന്മാർ ദേഹിയും ദേഹവുമായി അഥവാ ശരീരവും ആത്മാവും ഉൾപ്പെടെ നശിപ്പിക്കപ്പെടും എന്നാണ്. തെളിവിനായി വേദഭാഗങ്ങൾ കാണുക : ഇയ്യോ. 31:3 ; സങ്കീ. 9:5,6 ; 35:17; 145:20 ; സദൃശ്യ. 6:32 ; യെശ. 1:28 ; അപ്പൊ. 3:23 ; മത്താ. 10:28 ; 1 കൊരി.3:17 ; 2 തെസ്സ. 1:9 ; 1 തിമൊ. 6:9; 2 പത്രൊ. 2:12

അക്ഷരാർത്ഥത്തിലുള്ള വേദഭാഗങ്ങളും നമ്മെ കാണിക്കുന്നത് ദുഃഷ്ടന്മാർ നശിച്ച് ഇല്ലാതാകുന്നു എന്നാണ്. ഉദാഹരണത്തിന് : ഇയ്യോ. 4:9, ''ദൈവത്തിന്റെ ശ്വാസത്താൽ അവൻ നശിക്കുന്നു; അവന്റെ കോപത്തിന്റെ ഊത്തിനാൽ മുടിഞ്ഞുപോകുന്നു; സങ്കീ.104:35, ''പാപികൾ ഭൂമിയിൽ നിന്നു മുടിഞ്ഞുപോകട്ടെ; ദുഃഷ്ടന്മാർ ഇല്ലാതെയാ കട്ടെ''.നശിപ്പിച്ച് ഇല്ലാതെയാക്കുന്നതിൽ ആത്മാവ് അല്ലെങ്കിൽ ദേഹിയും ഉൾപ്പെട്ടി രിക്കുന്നു (യെശ.10:18). മറ്റു ഭാഗങ്ങളിലും ഉപയോഗിച്ചുതീർക്കുക എന്ന അർത്ഥത്തിലുള്ള പദം ഉപയോഗിച്ചിരിക്കുന്നു : യെശ.1:20 ; എബ്രാ. 10:26-28. ഇതിലും ആത്മാവ് ഉൾപ്പെടെയുള്ള നാശമാണ് അടങ്ങിയിരിക്കുന്നത് (യെഹെ. 22:25). കൂടുതലായി പറയുമ്പോൾ മനുഷ്യജീവി നശിച്ച് ഇല്ലാതെയാകുന്നതായിട്ടാണ് പറഞ്ഞിരിക്കുന്നത്:

ഇയ്യോ. 6:15,18 ;സങ്കീ. 49:12 ; 73:27 ; സദൃ. 11:10; 28:28. ഇവിടെയും ആത്മാവ് ഉൾപ്പെടെയാണ് ഇല്ലാതെയാകുന്നത് മത്താ. 16:25,26 –ആത്മാവ് എന്ന ഗ്രീക്കുവാക്ക് ഇവിടെ ജീവൻ എന്നു തർജ്ജമ ചെയ്തിരിക്കുന്നു. ആരെങ്കിലും നാശത്തിന്റെ അർത്ഥം തെറ്റിദ്ധരിപ്പിച്ചു മറിച്ചു കളയുന്നുവെങ്കിൽ അതിന്റെ ശരിയായ അർത്ഥം വേദ തിരുവെഴുത്തുകൾ വ്യക്തമാക്കിത്തരുന്നുണ്ട്. കാണുക : സങ്കീ.37:20 ; മത്താ. 8:25,32 ; ലൂക്കൊ. 11:50,51 ; 13:33 ; യോഹ. 3:16. മനപ്പൂർവ്വ അനുസരണക്കേടുകാരായ പാപികൾ ഛേദിക്ക പ്പെടും : സങ്കീ.37:9,22,34,38. ഇവിടെയുംആത്മാവിനെ ഉൾപ്പെടുത്തി കൊണ്ടാണ് പറഞ്ഞിരിക്കുന്നത് (ലേവ്യ.22:3 ; സംഖ്യ. 15:30). അതുകൊണ്ട് അവർ ആസ്തിക്യം ഇല്ലാത്ത നിത്യനാശത്തിലേക്ക് പോകുന്നു. (ഇയ്യോ. 6:15-18 ; സങ്കീ.37:10,36). മുകളിൽ പട്ടികയായി പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ കൊണ്ട് തീർച്ചയായും മനപ്പൂർവ്വ അനുസരണക്കേടുകാരായ പാപികൾ നശിച്ചുപോകുന്നതിനെയാണ് ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നതെന്ന് മുൻ വിധിയില്ലാത്ത നിഷ്പക്ഷ ചിന്താഗതിക്കാർക്ക് ബോദ്ധ്യമാകും.

**മരണവും പാതാളവും കൂടെ നശിപ്പിക്കപ്പെടും**

രണ്ടാം മരണമാകുന്ന തീപൊയ്ക അർത്ഥമാക്കുന്നത് നിത്യനാശ മാകുന്ന മരണത്തെയും പാതാളത്തെയുമാണ്. വെളി.20:14 ൽ മരണത്തെയും പാതാളത്തെയും കൂടെ തീപൊയ്കയിൽ തള്ളിയിടും എന്നു പറഞ്ഞിരി ക്കുന്നത് ബൈബിളിൽ എല്ലായിടത്തുംവ്യക്തമായി മരണത്തെയും പാതാളത്തെയും കൂടെ അവസാനം നിശേഷം ഇല്ലാതെയാക്കും എന്നുപറഞ്ഞിരിക്കുന്നതിനെക്കുറിച്ചാണ്. ഇത് തീപൊയ്ക 'ഇല്ലായ്മ യാകുന്ന' നാശത്തെ ചിത്രീകരിക്കുന്നതാണെന്നുള്ളതിന്റെ കൂടുതലായ ഒരു തെളിവുകൂടിയാണ്. ഹോശ. 13:14 ൽ ലളിതവും വ്യക്തവുമായി പറഞ്ഞിരിക്കുന്നത്: "ഞാൻ അവരെ പാതാളത്തിൽ നിന്നു വീണ്ടെടുക്കും : മരണമെ (ആദാമ്യമരണ ഗതി), നിന്റെ ബാധകൾ എവിടെ? പാതാളമെ (മരണാവസ്ഥയ്ക്കുള്ള എബ്രായപദം ഷിയോൾ, ഗ്രീക്കുപദം ഹേഡീസ്. ഹോശ.13:14 ൽ 'ഹേഡീസ്' എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ഇത് ആദാമ്യ മരണാവസ്ഥയാകുന്ന ഒന്നാമത്തെ നരകമാണ്), നിന്റെ സംഹാരം എവിടെ?" മരിച്ചവരുടെയെല്ലാം ഉയർത്തെഴുന്നേൽപ്പിൽ (ഉണർച്ചയിൽ) ആദാമ്യ മരണാവസ്ഥയിൽ നിന്ന് അവരുടെ അസ്ഥിത്വം പുറത്തുകൊണ്ടുവരപ്പെടും. അസ്ഥിത്വത്തിന്റെ ഈ അവസ്ഥ ക്രമേണ ഇല്ലാതെയായിട്ട് അവർ ആയിരമാണ്ടിന്റെഅവസാനം ഗുണവിശേഷങ്ങ ളുടെ പൂർണ്ണത പ്രാപിച്ച ശേഷം അല്പകാലത്തി ലേക്ക്പ്രവേശിക്കു മ്പോൾ ആദാമ്യ മരണഗതിയുടെ അവസ്ഥ ഒട്ടും തന്നെ അവരിൽ ഉണ്ടായിരിക്കുകയില്ല. 1 കൊരി.15:26ൽ ഇതു വ്യക്തമായിവെളിപ്പെടുത്തി യിട്ടുണ്ട് : "ഒടുക്കത്തെ ശത്രുവായിട്ട് മരണം നിങ്ങിപ്പോകും" വെളി. 21:4,5 കൂടെ കുറിക്കൊള്ളുക : "അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീരെല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടവും

ഇനി ഉണ്ടാകയില്ല ; ഒന്നാമത്തേതു കഴിഞ്ഞുപോയി''. വെളി. 22:3 ൽ പറയുന്നത്: ''യാതൊരു ശാപവും ഇനി ഉണ്ടാകയില്ല (ആദാമ്യ പാപത്തിന്റെയും മരണത്തിന്റെയും മരണഗതിയുടേതുമായത്).''

## മൃഗത്തെയും കള്ളപ്രവാചകനെയും നശിപ്പിക്കുന്നത്

വെളി. 19:20 ലും 20:10 ലും മൃഗത്തെ (വലിയ എതിർ ക്രിസ്തുവിനെ) യും കള്ളപ്രവാചകനെ (ചെറിയ എതിർ ക്രിസ്തു തന്ത്രത്തെ) യും തീപൊയ്കയിൽ തള്ളിയിടും എന്നു പറഞ്ഞിരിക്കുന്നത് ബൈബിളിൽ ഉടനീളം വ്യക്തമായി മരണത്തെക്കുറിച്ച് നിശേഷമായ ഇല്ലായ്മ എന്നു പറഞ്ഞിരിക്കുന്ന കാര്യം തന്നെയാണ്. തീപൊയ്ക രണ്ടാം മരണമെന്ന നിത്യനാശമാകുന്ന ഛേദനത്തെയാണ് കാണിക്കുന്നതെന്നുള്ളതിന് ഇത് പിന്നെയും കൂടുതലായ ഒരു തെളിവാണ്. 2 തെസ്സ. 2:3-7 വരെയുള്ള ഭാഗത്ത് എതിർ ക്രിസ്തുവിനെ ഉദ്ധരിച്ച് ''നാശയോഗ്യനും'' ''അധർമ്മ മൂർത്തിയും''എന്നും ''അധർമ്മത്തിന്റെ മർമ്മ''ത്തെക്കുറിച്ചും പറഞ്ഞി രിക്കുന്നു. വാക്യം 8 ൽ ''അപ്പോൾ അധർമ്മമൂർത്തി (ഒരു വ്യക്തി) വെളിപ്പെട്ടുവരും എന്നും അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും'' ('ശൂന്യം' (ഇല്ലായ്മ) ആക്കിക്കളയും. ''കറ്റാർഗോ'' എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു) ഇതു സംഭവിക്കുകയും ദൈവരാജ്യം ഭൂമിയിൽ സ്ഥാപിതമാവുകയും ചെയ്യുന്നതിന് നാം ദീർഘനാളായി ആശയോടെ കാത്തിരിക്കുകയായിരുന്നു.

അക്ഷരാർത്ഥത്തിൽ തന്നെയുള്ള വേദ ഭാഗങ്ങൾ ആറു കാര്യങ്ങളുടെ ഉന്മൂലനാശത്തെക്കുറിച്ച് വ്യക്തമായി പഠിപ്പിക്കുന്നു. അത് സാത്താൻ, മനപ്പൂർവ്വ അനുസരണക്കേടുകാരായ പാപികൾ, മരണം, നരകം, മൃഗം, കള്ളപ്രവാചകൻ മുതലായതിനെക്കുറിച്ചാണ്. ഇവകളെ തീപൊയ് കയിൽ തള്ളിയിടുന്നതായി പറഞ്ഞിരിക്കുന്നു (വെളി.20:10-15). ഇപ്രകാരത്തിൽ തീപൊയ്ക രണ്ടാം മരണമാണെന്നു കാണാം. അല്ലാതെ ദണ്ഡിപ്പിക്കു ന്നതിനുവേണ്ടി ആളുകളെ എന്നേക്കും ജീവനോടെ സൂക്ഷിക്കുന്ന ഒരു സ്ഥലമോ അവസ്ഥയോ അല്ല തീപൊയ്ക. എന്നാൽ തീപൊയ്ക പരിപൂർണ്ണവും നിശ്ശേഷവുമായി എന്നേക്കുമുള്ള ഉന്മൂല നാശത്തെ ചിത്രപ്പെടുത്തുന്നു.

## വെളിപ്പാട് 20:10 പ്രകാരം നിത്യദണ്ഡനം ഇല്ല

ചിലരെ തീപൊയ്കയിൽ തള്ളിയിടുകയും അവർ അവിടെ എന്നെന്നേക്കും ദണ്ഡനം അനുഭവിക്കയും ചെയ്യുന്നതിനെക്കുറിച്ചല്ലെ വെളി. 20:10 പ്രതിപാദിക്കുന്നതെന്ന് ചിലർ ചോദിക്കുന്നു. ഈ വാക്യങ്ങളുടെ സൂഷ്മ പരിശോധന വെളിവാക്കുന്നത് 'ബസാനിസോ' എന്ന ഗ്രീക്കു ക്രീയാപദമാണ് ദണ്ഡനമെന്ന് ഇവിടെ പരിഭാഷ പ്പെടുത്തിയിരിക്കുന്നത് എന്നാണ്. ഗ്രീക്ക് നിഘണ്ടു കർത്താക്കൾ സമ്മതിക്കുന്ന പ്രകാരം (പ്രത്യേകിച്ച് ഈ വാക്കിന്റെ വേദപരമായ ഉപയോഗം സംബന്ധിച്ച്

ആധികാരികതയുള്ള ലിഡലിന്റെയും സ്ക്കോട്ടിന്റെയും നിഘണ്ടു കാണുക) ഈ വാക്കിന് മൂന്ന് തരത്തിലുള്ള അർത്ഥമുണ്ട്. ഒന്നാമത്തെ അർത്ഥം പരിശോധിക്കുന്നതിനു വേണ്ടി പരീക്ഷണം നടത്തുക എന്നും രണ്ടാമത്തെ അർത്ഥം ദണ്ഡനോപദ്രവങ്ങൾ ചെയ്തു പരീക്ഷിച്ചു നോക്കുക അല്ലെങ്കിൽ പീഢിപ്പിച്ച് പരിശോധിക്കുക എന്നും ആകുന്നു. പഴയകാലത്ത് ആളുകളെ ദണ്ഡിപ്പിച്ചും പീഢിപ്പിച്ചും പരിശോധിക്കുന്ന ഒരു രീതി നിലവിലുണ്ടായിരുന്നു. അതിനൊരു ഉദാഹരണമാണ് വിശുദ്ധ പൗലൊസിനെ സഹസ്രാധിപന്റെ ആജ്ഞ അനുസരിച്ച് ചില ആളുകൾചമ്മട്ടി പ്രയോഗത്തിനു വിധേയനാക്കാൻ ശ്രമിച്ചത് (അപ്പൊ. 22:24). അദ്ദേഹത്തിനെതിരായുണ്ടായ ആളുകളുടെ രോഷ പ്രകടനത്തിൽ ദേഹോപദ്രവമേല്പ്പിച്ച്അദ്ദേഹത്തെ പരിശോധിക്കുകയായിരുന്നു സഹസ്രാധിപന്റെ ഉദ്ദേശ്യം. ബസാനിസോ എന്ന ക്രിയാ രൂപത്തിലുള്ള ഗ്രീക്ക് വാക്കിന്റെ മൂന്നാമത്തെ അർത്ഥം ദണ്ഡിപ്പിക്കുക അല്ലെങ്കിൽ പീഢിപ്പിക്കുക എന്നാണ്. ബസാനിസോ എന്ന ക്രീയാപദം രൂപംകൊണ്ടിരിക്കുന്ന ബസാനോസ് എന്ന നാമപദംകൊണ്ട് ഒന്നാമത് ഉദ്ദേശിക്കുന്ന പ്രകടമായ അർത്ഥം പരീക്ഷിക്കുക അല്ലെങ്കിൽ പരിശോധിക്കുക എന്നാണ്. അതിൽ ലോഹങ്ങളും മറ്റും പരിശോധിക്കുന്നതിനുപയോഗിക്കുന്ന ഉരകല്ല് എന്നാണ് മുഖ്യമായ അർത്ഥം. പുരാതന കാലത്ത് ചമ്മട്ടിപ്രഹരത്തിലൂടെ ദണ്ഡിപ്പിച്ച് പരിശോധിക്കുന്ന ധാരാളം അനുഭവങ്ങൾ ഉണ്ടായിട്ടുള്ളതു കൊണ്ട് അതിൽ നിന്ന് ഈ വാക്ക് ദണ്ഡനംകൊണ്ടു പരിശോധിക്കുക എന്ന അർത്ഥത്തിലും കൂടെ ഉപയോഗിക്കാൻ തുടങ്ങി. അവസാനം ദണ്ഡനം എന്ന അർത്ഥത്തിൽ മാത്രം ഈ വാക്ക് ഉപയോഗിക്കാൻ തുടങ്ങി.

തർജ്ജമക്കാരുടെ മനസ്സിൽ നിത്യദണ്ഡനോപദേശം നിറഞ്ഞു നിന്നിരുന്നു എന്നുള്ളതിനു സംശയമില്ല. അതുകൊണ്ട് ഇവിടെ തർജ്ജമയിൽ ഈ വാക്കിന്റെ മൂന്നാമതു പറഞ്ഞ അർത്ഥം അവർ സ്വീകരിച്ചു. ഇവിടെ നാം ഒന്നാമത്തെ അർത്ഥം എടുക്കുകയാണെങ്കിൽ കാര്യം വ്യക്തവും ഈ വിഷയത്തിൽ മുകളിൽ വിവരിച്ച അക്ഷരാർത്ഥ ത്തിൽ തന്നെ ഉള്ള ചിത്രീകരണങ്ങളോട് അത് യോജിക്കയും ചെയ്യും. ‘‘അവർ എന്നെന്നേക്കും രാപ്പകൽ പരിശോധിക്കപ്പെടേണ്ടിവരും’’. എന്നേക്കും ദൈവത്തിന്റെ സൃഷ്ടികളുടെ പൂർണ്ണതയുള്ള മനസ്സ് ഭൂമിയിലും സ്വർഗ്ഗത്തിലും നിത്യ ജീവന് യോഗ്യതയുള്ളതായി എണ്ണപ്പെടും.പിശാചും മൃഗവും കള്ളപ്രവാചകനും അതിന്റെയൊക്കെ ആവിഷ്ക്കരിക്കപ്പെട്ട തന്ത്ര ങ്ങളും അതിന്റെയെല്ലാം പ്രകൃതവും സ്വഭാവവും ഫലങ്ങളും ചരിത്രവും പരീക്ഷിച്ചു പരിശോധിക്കപ്പെടും. തുടരെ പരീക്ഷിച്ചു പരിശോധിക്കപ്പെടു ന്നതിന്റെ ഫലമായിഇതിനു മൂന്നിനുംഅർഹിക്കുന്ന അന്തിമ ഫലം ദൈവം നല്കും. ആ ഫലം സൂചിതാർത്ഥത്തിലുള്ള ഗന്ധക തീപൊയ്ക യിലായിരിക്കും - പരിപൂർണ്ണവും നിശ്ശേഷവുമായ എന്നേക്കുമുള്ള ഉന്മൂലനാശം അഥവാ ഇല്ലായ്മയുടെ അനുഭവം.

## യെശ. 14 ലും 66 ലും കാണിച്ചിരിക്കുന്ന പ്രകാരമുള്ള പരിശോധന

യെശ. 14:12–27 വരെയുള്ള ഭാഗത്തു നാം കാണുന്ന വളരെ സ്പഷ്ടമായ വിവരണം, പിശാചിനും മൃഗത്തിനും കള്ളപ്രവാചകനും അവരുടെ ക്രമീകൃത സമ്പ്രദായങ്ങൾക്കും ആവിഷ്കൃത തന്ത്രങ്ങൾക്കും വരുന്ന നാശത്തെയും അവരുടെ പ്രവർത്തനങ്ങളെയും കുറിച്ചുള്ള പരിശോധനയോടുകൂടിയ വിലയിരുത്തലോടെ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള രക്ഷിതഗണങ്ങളെക്കുറിച്ച് നല്കിയിട്ടുള്ളതാണ്. സൂചിതാർത്ഥത്തിലുള്ള ഒരു മനുഷ്യനായിട്ട് ചിത്രീകരിച്ചു കൊണ്ട് 12 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ പിശാചിന്റെയും മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും തന്നത്താൻ ഉയർത്തികാണിച്ചുകൊണ്ടുള്ള ദുഃഷ്പ്രവൃത്തികളെ വിവരിക്കുന്നു. 15–ാം വാക്യം അവർനിത്യനാശമാകുന്ന രണ്ടാമത്തെ നരകത്തിൽ വീഴുന്നതിനെക്കുറിച്ച് വിവരിക്കുന്നു. 16–20 വരെയുള്ള വാക്യങ്ങൾ സൂചിപ്പിക്കുന്നത് കൂട്ടുലോഹങ്ങളുടെ മാലിന്യങ്ങൾ മാറ്റുരച്ചു പരിശോധിക്കുന്നതുപോലെ ഇവ മൂന്നും എന്നേക്കും പരിശോധിക്കപ്പെടേണ്ടതാണെന്നാണ്. ഹൃദയമനസ്സുകൾ പൂർണ്ണത പ്രാപിച്ച സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള രക്ഷിക്കപ്പെട്ടവർ ഇവരുടെ ("നിന്നെ കാണുന്നവരൊക്കെയും നിന്നെ ഉറ്റുനോക്കി") ഉദ്ദേശ്യങ്ങൾ, സ്വഭാവങ്ങൾ, സ്വാധീനങ്ങൾ, ചരിത്രങ്ങൾ, വേലകൾ, ഉദ്യമങ്ങൾ മുതലായവ സൂഷ്മപഠനത്തിനു വിധേയമാക്കും. ഇവ മൂന്നിന്റെയും പലതരത്തിലുള്ള യഥാർത്ഥ രഹസ്യ ഉദ്ദേശ്യങ്ങളെക്കുറിച്ച് ഇപ്പോൾ നമുക്ക് അല്പമായിട്ടു മാത്രമേ അറിയാൻ കഴിയുന്നുള്ളു. എന്നാൽ വരുവാനുള്ള യുഗങ്ങളിൽ സാത്താന്റെയും മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും തയ്യാറെടുപ്പുകളും ആലോചനകളും ഉദ്ദേശ്യങ്ങളും വാക്കുകളും പ്രവർത്തനങ്ങളും അതിന്റെ എല്ലാ വിശദാംശങ്ങളോടുകൂടിയും വെളിപ്പെടുത്തികിട്ടും (1കൊരി 4:5). സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള രക്ഷിതഗണങ്ങളുടെ ഇതിനെയെല്ലാം കുറിച്ചുള്ള ശാശ്വതമായ പഠനം വെളി.20:10 ൽ വിവരിച്ച പ്രകാരം അതിനെക്കുറിച്ചെല്ലാം വിലയിരുത്തുന്നതിനും പരിശോധിക്കുന്നതിനും മാറ്റുരച്ചു നോക്കുന്നതിനും വേണ്ടിയായിരിക്കും. വെളി. 20:10 ൽ തെറ്റായ ഭാഷാന്തരംമൂലം "അവർ പരിശോധിക്കപ്പെടേണ്ടിവരും" എന്നുള്ളത് മറയ്ക്കപ്പെട്ട് "അവർ ദണ്ഡിപ്പിക്കപ്പെടേണ്ടിവരും" എന്ന് എഴുതിയിരിക്കുന്നു. വാക്യം. 21–27 വരെയുള്ള വാക്യങ്ങൾ കൂടുതലായി വിശദമാക്കുന്നത് പിശാചിനെയും മൃഗത്തെയും കള്ളപ്രവാചകനെയും സൂചിതാർത്ഥ തീപൊയ്കയിൽ തള്ളിയിടുന്നതിനെക്കുറിച്ചാണ്.

അല്പകാലാവസാനത്തിൽ ദുഃഷ്ടമനുഷ്യർ സാത്താനോടും അവന്റെ ദൂതന്മാരോടും കൂടി രണ്ടാം മരണമാകുന്ന നാശത്താൽ ഛേദിക്കപ്പെട്ടു നശിപ്പിക്കപ്പെട്ടു നിശ്ശേഷം ഇല്ലാതെയാക്കപ്പെട്ട ശേഷം (മത്താ.25:41) അവരുടെ ഉദ്ദേശ്യങ്ങൾ, സ്വഭാവങ്ങൾ, സ്വാധീനങ്ങൾ, ചരിത്രങ്ങൾ, വേലകൾ, ഉദ്യമങ്ങൾ എന്നിവ സംബന്ധിച്ച് ഇതേ തരത്തിലുള്ള ഒരു പരിശോധന നടത്തും. അല്പകാലത്തിനുശേഷം 2പത്രൊ.3:13 ൽ പറയു

ന്ന "പുതിയ ആകാശഭൂമികൾ" സ്ഥാപിക്കപ്പെട്ട ശേഷമായിരിക്കും യെശ.66:22-24 വരെയുള്ള ഭാഗത്തു പറയുന്ന ഈ പരിശോധന അനുവദിക്കപ്പെടുന്നത്. അപ്പോൾ പൂർണ്ണരാക്കപ്പെട്ട മനുഷ്യവർഗ്ഗം ദുഃഷ്ട ഭരണാധികാരികളെയും അതുപോലുള്ളവരെയും "ഇപ്പോഴത്തെ ദുഃഷ്ട ലോകത്തിൽ" ജനങ്ങൾ ഏറ്റം ഉന്നതമായി വിലമതിക്കുന്ന ചിലരെയും (ഗലാ.1:4) സംബന്ധിച്ച് അനുബന്ധ പരിശോധന നടത്തും. എന്നാൽ മനപൂർവ്വമായും വാശിയോടു കൂടിയും ദൈവത്തിനു വിരോധമായി അതിക്രമം ചെയ്തവർ, പൂർത്തിയാകുംവരെ നാശപ്രവർത്തി നിർത്താത്ത പുഴുക്കളും തീയും നിറഞ്ഞതും ശവശരീരങ്ങൾ (ജീവനുള്ള ആളുകൾ അല്ല) ഉള്ളതുമായ ഗീഹെന്നായാലും തീപൊയ്കയാലും ചിത്രപ്പെടുത്തപ്പെട്ടതായ രണ്ടാം മരണത്താൽ നിശേഷമായും നിത്യമായും ഇല്ലായ്മ ചെയ്യപ്പെടും. ദുഷ്ടമനുഷ്യർ തീർച്ചയായും "സകല ജഡത്തിനും അറപ്പായിരിക്കും". ന്യൂ ഇംഗ്ലണ്ടിലെ 18-ാം നൂറ്റാണ്ടിലെ ഒരു ഉപദേശിയായിരുന്ന മഹാനായ ജോനാഥാൻ എഡ്വേർഡ് യെശ.66:20 അടിസ്ഥാനമാക്കിയാണെന്നു തോന്നത്തക്കവണ്ണം പ്രസിദ്ധീകരണോദ്ദേശത്തോടെ ഒരു പ്രസ്ഥാവന നടത്തി. അതിങ്ങനെയായിരുന്നു: മരണാനന്തരം നാം സ്വർഗ്ഗത്തിന്റെ പാരപ്പറ്റിനു മുകളിലൂടെ താഴേക്കു നോക്കുമ്പോൾ രക്ഷിക്കപ്പെടാത്ത നമ്മുടെ പിതാവോ മാതാവോ നിത്യയാതനസ്ഥലത്തെ തീ നാളങ്ങൾക്കിടയിൽ കിടന്നു വേദനപ്പെട്ടു പുളയുന്നതു കണ്ടാൽ അപ്പോൾ തന്നെ കൈ കൊട്ടിക്കൊണ്ട് ദൈവത്തിന്റെ നീതിക്കു വേണ്ടി ദൈവത്തെ സ്തുതിക്കാൻ നമുക്ക് കഴിയണം ! ജോനാഥാൻ എഡ്വേർഡിന് ഒരു നല്ല ഹൃദയം ഉണ്ടായിരുന്നെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ അപരിഷ്കൃത അവിശ്വാസികളുടെ ദുഷിച്ച മതപരമായ പ്രമാണങ്ങൾ തന്റെ ചിന്തയെ ഗൗരവതരമായി ദുഷിപ്പിച്ചിരിക്കുന്നു !

## വെളി.14:10 ൽ നിത്യദണ്ഡനമില്ല

വെളി.14:8 (18:2-4 മായി താരതമ്യം ചെയ്യുക) ൽ നാമധേയ ക്രൈസ്തവ മണ്ഡലത്തിലെ മഹാവ്യാജ മതതന്ത്രമാകുന്ന മഹതിയാം ബാബിലോണിന്റെ വീഴ്ചയെക്കുറിച്ച് പറയുന്നു. വാക്യം 9 ൽ എതിർ ക്രിസ്തുവിന്റെ മുദ്ര ഏല്ക്കുന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു (മുദ്ര എത്രയാണെന്നു ള്ളതിനെപ്പറ്റി B.S. 551 ൽ പറഞ്ഞിരിക്കുന്നു). മൃഗത്തെ നമസ്കരിക്കുന്നവൻ അതിനെ ആരാധിക്കുന്നവനും അതിനെ സേവിക്കുന്നവനുമാണ്. നെറ്റിയിലും കൈമേലും അതിന്റെ മുദ്ര ഏല്ക്കുന്നത് അർത്ഥമാക്കുന്നത് അതിന്റെ പഠിപ്പിക്കലുകൾ സ്വീകരിക്കയും മൃഗത്തെയും അതിന്റെ പ്രതിമയെയും ആരാധിക്കയും ചെയ്യുന്നതിനെയാണ്. മഹാകുഴപ്പകാലത്ത് ബാബിലോൺ നശിക്കുമ്പോൾ അങ്ങനെയുള്ളവരെല്ലാം ദൈവക്രോധം എന്താണെന്നു മനസ്സിലാക്കുകയും ആ അനുഭവങ്ങൾ അനുഭവിക്കാൻ നിർബന്ധിതരാകയും ചെയ്യും. ജാതികൾക്കു വേണ്ടിയുള്ള ഈ ദൈവ കോപത്തിന്റെ പാത്രം

അവരോടുള്ള  അവന്റെ അതൃപ്തിയിൽ നിന്നു പ്രവഹിക്കുന്നതാണ്. (യിരമ്യ. 25:26-38 വരെ താരതമ്യം ചെയ്യുക). "............. കുഞ്ഞാടിനും മുമ്പാകെ അവർ അഗ്നിഗന്ധകങ്ങളിൽ നിന്നു ദണ്ഡനം (ബസാനിസോ : പരിശോധിക്കപ്പെടുകയും മാറ്റുരയ്ക്കപ്പെടുകയും ചെയ്യും) അനുഭവിക്കും". ഇതിന്റെ അർത്ഥം : മഹാ ബാബിലോണാകുന്ന സ്ഥാപനത്തോടു ഹൃദയാത്മാനാ യോജിപ്പുള്ള ജാതികളും ആളുകളും ഈ സമ്പ്രദായങ്ങൾ നശിച്ചുകൊണ്ടിരിക്കുമ്പോഴും അതിനുശേഷം മഹാകുഴപ്പകാലത്തിലും കഠിനമായി പരിശോധിക്കപ്പെടും എന്നാണ്. പരിപൂർണ്ണ നാശമാകുന്ന അഗ്നിയും ഗന്ധകവും ഈ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരി ക്കുന്നതു പോലെ അതിലുള്ള ആളുകളുടെ പരിശോധനയും അഗ്നിസമാനമായി കഠിനമായിരിക്കും. കുഞ്ഞാടിന്റെ സാന്നിദ്ധ്യത്തിലായിരിക്കും ഈ പരിശോധന നടത്തുന്നത്, അതായത് നമ്മുടെ കർത്താവിന്റെ രണ്ടാം വരവിൽ അവൻ സന്നിഹിതനായിരിക്കുന്ന സമയത്തുതന്നെ. തീർച്ചയായും ഈ അനുഭവം എന്നേക്കും മനുഷ്യ ഹൃദയങ്ങളിൽ ഓർമ്മയിൽ ഉണ്ടായിരിക്കും എന്നുള്ള അർത്ഥത്തിൽ അവരുടെ ദണ്ഡനത്തിന്റെ പുക (ഈ ഭയാനക അനുഭവ ത്തിൻ കീഴിലുള്ള അവരുടെ പരിശോധന ഓർമ്മയിലിരിക്കുന്ന ഒരു പാഠം ആയിരിക്കും) എന്നെന്നേക്കും പൊങ്ങിക്കൊണ്ടിരിക്കും. വ്യാജപ്രമാണം സ്വീകരിച്ച് മൃഗത്തിന്റെയും അതിന്റെ പ്രതിമയുടെയും വഴിക്ക് തെറ്റായ പരിചയം അനുവർത്തിക്കുന്നവർക്ക് അതിനു രണ്ടിനും നാശം വരുമ്പോൾ ഹൃദയത്തിനും മനസ്സിനും യഥാർത്ഥ സ്വസ്ഥത ഉണ്ടാവുകയില്ല.

യെശ. 33:14 ലും ഇതേ അവസ്ഥയിലുള്ള കാര്യംതന്നെയാണ് വിവരിച്ചിരിക്കുന്നത്. "സീയോനിലെ (നാമധേയസഭയിലെ) പാപികൾ (വിശ്വസ്തരല്ല, അവിശ്വസ്തർ) പേടിക്കുന്നു (ഇപ്പോൾ പ്രകാശിച്ചു കൊണ്ടിരിക്കുന്ന സത്യം അവർക്ക് സഹിക്കാവുന്നതല്ല) ; വഷളന്മാരായവർക്കു നടുക്കം പിടിച്ചിരിക്കുന്നു". ഭൂമിയിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നതു കൊണ്ട് അവർ ഭയമുള്ളവരാണ് (ലൂക്കൊ. 21:26). അതിനെക്കുറിച്ച് അവർ പരസ്യമായി പറയുന്നി ല്ലെങ്കിലും ഏറെക്കുറെ രഹസ്യത്തിലും രഹസ്യ സ്വഭാവത്തിലും തങ്ങളോടു തന്നെയും മറ്റുമുള്ള വരോടും ചോദിക്കുന്നു. "നമ്മിൽ ആർ (ക്രൈസ്തവ മണ്ഡലത്തിൽ) ദഹിപ്പിക്കുന്ന തീയുടെ അടുക്കൽ പാർക്കും (നമ്മുടെ കർത്താവായ യേശു അഗ്നി ജ്വാലയിൽ പ്രത്യക്ഷനാകുമ്പോൾ അവർ ദഹിപ്പിക്കുന്ന തീകാണും - 2 തെസ്സ. 1:6-8 ; അവർ നാശംകണ്ട് ആശ്ചര്യപ്പെട്ട് ഇത്തരം കൈപ്പേറിയ ദുരനുഭവങ്ങളെ അതിജീവിക്കാൻ ആർക്കുകഴിയും എന്നുപറയും)? നമ്മിൽ ആർ നിത്യദഹനങ്ങളുടെ അടുക്കൽ പാർക്കും ("അവന്റെ മഹാകോപദിവസം വന്നു ; ആർക്കു നില്പാൻ കഴിയും ?" - വെളി. 6:17 ; ആർക്കെങ്കിലും തീയിൽ ഒരു നിത്യദണ്ഡനം ഉണ്ടെന്നുള്ളതിന്റെ യാതൊരു സൂചനയും ഇവിടെയില്ല - അഗ്നിസമാനമായ പരിശോധയും ഉപദ്രവനാളിലെ നാശവുമേ ഉള്ളു. അവസാനം അവരുടെ നാശം പൂർണ്ണമായി തീരുന്നതുവരെ അതു തുടരും.

അതിനിടയിലും തങ്ങളുടെ നിലകാത്തുകൊൾവാൻ ആർക്കു കഴിയും)?''

വെളി. 18:4 ൽ ബാബിലോണിന്റെ ദണ്ഡന (ഗ്രീക്ക് : വാക്യം 7,15) ത്തോടനുബന്ധിച്ച് ബാബിലോണിനെ പിൻതാങ്ങുന്ന സഹായി കൾക്കു വരുവാനുള്ള പരിശോധനയെക്കുറിച്ചും വിവരിക്കുന്നു. മരണം,ദുഃഖം, ക്ഷാമം എന്നിങ്ങ നെയുള്ള അവളുടെ ബാധകൾ തീകൊണ്ട് അവളെ ഒട്ടുംശേഷിപ്പിക്കാതെ പൂർണ്ണമായി ദഹിപ്പിച്ചു കളയും (വാക്യം8) - പരിപൂർണ്ണമായി ഇല്ലായ്മപ്പെടുത്തും. വാക്യം.15-19 വരെ കരച്ചിലും മുറവിളിയുമായി ഇതു ചിത്രീകരിച്ചിരിക്കുന്നു. ഇതിന്റെ ഫലമായി വിശുദ്ധ അപ്പൊസ്തലന്മാരും പ്രവാചകന്മാരും (അവരുടെ പഠിപ്പിക്കലുകളോടു യോജിപ്പുള്ളവരും) സന്തോഷിച്ചുകൊള്ളുവാൻ അനുബന്ധവാക്യ ത്തിൽ ആഹ്വാനം ചെയ്യപ്പെട്ടിരിക്കുന്നു (വാക്യം 20). വെളി.19:2,3 വാക്യങ്ങൾ ഇതിനോടുള്ള ബന്ധത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത് :

വേശ്യാവൃത്തികൊണ്ട് (ഭൂമിയിലെ രാജ്യങ്ങളുമായുള്ള അവളുടെ അവിഹിത ബന്ധം) ഭൂമിയെ (സമൂഹത്തെ) വഷളാക്കിയ മഹാവേശ്യയ്ക്ക് അവൻ ശിക്ഷവിധിച്ചു (നശിപ്പിക്കുന്നതിന്) തന്റെ ദാസന്മാരുടെ രക്തം അവളുടെ കയ്യിൽ നിന്നു ചോദിച്ചു പ്രതികാരം ചെയ്കകൊണ്ട് (സുവിശേഷ യുഗം നെടുകെ ബാബിലോണിന്റെ കയ്യിൽ നിന്നു തന്റെ ദാസന്മാർ പീഢനം അനുഭവിച്ചതിനുതക്കവണ്ണം ദൈവം തന്റെ ദാസന്മാരെ കുറ്റാരോപണങ്ങളിൽ നിന്നു നിർദ്ദോഷീകരിച്ചു കൊണ്ട് ബാബിലോണിന്റെ മേൽ ന്യായം വിധിച്ചു ശിക്ഷനടപ്പാക്കി) ........ അവന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ (പൊരുളായ ബാബിലോണിന്റെ നേർക്കുള്ള ദൈവത്തിന്റെ ശിക്ഷാവിധിയും അതിന്റെ നടപ്പാക്കലും മുഴു അർത്ഥത്തിലും ശരിയാണ്) അവളുടെ പുക എന്നെന്നേക്കും പൊങ്ങുന്നു വെളി.19:2,3 (നിത്യനാശം കൊണ്ട് ദൈവം ബാബിലോണിനെ നീതിയാംവണ്ണം ശിക്ഷിച്ചിരിക്കുന്നു എന്നു തിരിച്ചറിഞ്ഞ് പൂർണ്ണരാക്കപ്പെട്ട മനുഷ്യവർഗ്ഗ ത്തിന്റെ മനസ്സിൽ ബാബിലോണിന്റെ നാശത്തിന്റെ ഈ അനുഭവപാഠം നൂറ്റാണ്ടുകൾ നിലനിൽക്കും).

**മത്തായി 25:46 പ്രകാരം നിത്യമായി ദണ്ഡിപ്പിച്ചുകൊണ്ടിരിക്കുന്നില്ല**

മത്തായി 25: 31-46 വരെ ചെമ്മരിയാടിനെയും കോലാടിനെയും കുറിച്ചുള്ള ഉപമ പറഞ്ഞിരി ക്കുന്നു. 41 -ാം വാക്യത്തിൽ പറയുന്ന നിത്യാഗ്നി തന്റെ നീതിക്കുനിരക്കാത്ത എന്തിനെയും ദഹിപ്പിച്ചു നശി പ്പിച്ചുകളയുന്ന ദൈവത്തിന്റെ തീഷ്ണ ദ്വേഷം അല്ലെങ്കിൽ കോപമാണ്. സെഫന്യാവ് 1:18 ; 3:8 ഭാഗങ്ങൾ പരിപൂർണ്ണ നാശത്തിന്റെ അലങ്കാര രൂപേണയുള്ള ചിത്രീകരണമാണ്. ആരേയും എന്നെന്നേക്കും ദണ്ഡിപ്പിക്കുന്നതിനേക്കുറിച്ചല്ല ഈ ഉപമയിൽ പറയുന്നത്. മത്താ.25:46 അതിൽനിന്നു വ്യത്യസ്ഥമായിട്ടാണ് പഠിപ്പിക്കുന്നത്. ഇവിടെ നാം വായിക്കുന്നത്, അവർ (മനപ്പൂർവ്വ അനുസരണക്കേടുകാരും പാപിക ളുമായ കോലാടുവർഗ്ഗം) നിത്യദണ്ഡനത്തിലേക്കു - നിത്യമായ ശിക്ഷാവിധിയിലേക്കും - നീതിമാന്മാർ നിത്യജീവനിലേക്കും പോകും

എന്നാണ്. ഇവിടെ കുറിക്കൊള്ളേണ്ട വസ്തുത ശിക്ഷ എന്നേക്കും അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്നു പറയുന്നില്ല, മറിച്ച് ശിക്ഷ എന്നേക്കും നിലനിൽക്കുന്നതാണ് എന്നുള്ളതാണ്. പിന്നെയും കൂടുതലായി ദുഷ്ടന്മാരും നീതിമാന്മാരും തമ്മിലുള്ള ശ്രദ്ധിക്കേണ്ട വ്യത്യാസം ഒരു വശത്ത് നീതിമാന്മാർ നിത്യജീവനായ പ്രതിഫലം പ്രാപിക്കുമ്പോൾ മറുവശത്ത് ദുഷ്ടന്മാരുടെ ശിക്ഷ നിത്യജീവന്റെ വിപരീതാനുഭവമായ നിത്യമായ മരണമാണ് എന്നുള്ളതാണ്.

നിത്യമായ ഛേദനം എന്ന അർത്ഥത്തിൽ ഇത് എന്നേക്കുമായുള്ള ഒരു ശിക്ഷയാണ് . 46–ാം വാക്യത്തിൽ ഇംഗ്ലീഷിൽ ശിക്ഷ (മലയാളത്തിൽ ഇത് ദണ്ഡനം എന്നുതർജ്ജമ ചെയ്തിരിക്കുന്നു) എന്നു തർജ്ജമ ചെയ്തിരിക്കുന്ന കൊലാസിൻ എന്ന ഗ്രീക്ക് വാക്ക് ചിലർ ചിന്തിക്കുന്നതുപോലെ ദണ്ഡനം എന്നർത്ഥമുള്ളതല്ല. കൊലാസിൻ എന്ന വാക്ക് കൊലാസ്സോ എന്ന ക്രീയാരൂപത്തിൽ നിന്ന് ഉണ്ടായിട്ടുള്ളതാണ്. ഇതിന്റെ ഒന്നാമത്തെ അർത്ഥം ഒരു മരത്തിന്റെ ശിഖരം മുറിച്ചു മാറ്റുന്നതുപോലെ ഛേദിച്ചുകളയുക എന്നാണ്. ലിഡലിന്റെയും സ്കോട്ടിന്റെയും നിഘണ്ടു അനുസരിച്ച് ഇതിന്റെ ഒന്നാമത്തെ അർത്ഥം വൃക്ഷങ്ങളുടെ കൊമ്പുകൾ ചെത്തിവെടിപ്പാക്കുകയൊ അതിന്റെ വളർച്ച പരിശോധിക്കുകയൊ ചെയ്യുക എന്നാണ്. തയറും ഡയഗ്ലട്ടും ശിക്ഷ എന്ന വാക്കിനു പകരം 'ഛേദിച്ചുകളയുക' എന്നവാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ അർത്ഥമാണ് 46–ാം വാക്യത്തിൽ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്.

സാധാരണ ഭാഷാന്തരവും ധാരാളം മറ്റുഭാഷാന്തരങ്ങളും കൊലാസിൻ, എയ് ഓണിയൻ എന്ന വാക്കുകൾക്ക് എന്നേക്കുമുള്ള ശിക്ഷ എന്നാണ് അർത്ഥം കല്പ്പിച്ചിരിക്കുന്നത് എന്നാണ് ഡയഗ്ലട്ടിന്റെ ഒരു അടിക്കുറിപ്പുപറയുന്നത്. പുതിയ നിയമത്തിൽ മറ്റു മൂന്നുസ്ഥലങ്ങളിൽ കൂടെ മാത്രമാണ് കൊലാസിൻ എന്ന വാക്ക് അതിന്റെ വിവിധ രൂപങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് – അപ്പൊ. 4:21 ; 2 പത്രൊ. 2:9 ; 1 യോഹ. 4:18 . താഴെ വരും പ്രകാരം അർത്ഥം ഉള്ള 'കൊലാസൂ' എന്ന വാക്കിൽ നിന്നാണ് 'കൊലാസിൻ' എന്ന പദം രൂപപ്പെട്ടിരിക്കുന്നത്: (1) ഛേദിച്ചുകളയുക, ചെത്തിവെടിപ്പാക്കുന്നതിനു വേണ്ടി ഒരു വൃക്ഷത്തിന്റെ ശിഖരങ്ങൾ മുറിച്ചുമാറ്റുക (2) തടഞ്ഞു നിർത്തുക, ഒതുക്കി നിർത്തുക. ഗ്രീക്ക് എഴുത്ത് – സാരഥി പോരാട്ടവീര്യമുള്ള തന്റെ പടക്കുതിരകളെ തടഞ്ഞുനിർത്തുന്നു (കൊലാസീയ്) (3) കഠിന ശിക്ഷകൊടുക്കുക, ശിക്ഷിക്കുക. ഒരു വ്യക്തിയെ ജീവനിൽ നിന്ന് അല്ലെങ്കിൽ സമൂഹത്തിൽ നിന്ന് ഛേദിക്കുക അല്ലെങ്കിൽ തക്ക ശിക്ഷ എന്നു തോന്നുന്ന ശിക്ഷ കൊടുത്തു തടഞ്ഞുനിർത്തുക. ഇങ്ങനെയാണ് ഈ വാക്കിന് ഈ മൂന്നാമത്തെ ആലങ്കാരികമായ ഉപയോഗം ഉണ്ടായത്. ഇവിടെ ഒന്നാമത്തെ അർത്ഥമാണ് എടുത്തിരിക്കുന്നത്, കാരണം ഇത് കൊടുത്തിരിക്കുന്ന രണ്ടാമത്തെ അർത്ഥവുമായി നന്നായി യോജിച്ച് അലങ്കാരപ്രയോഗത്തിന്റെ ശക്തിയും ഭംഗിയും വർദ്ധിപ്പിക്കുന്നു. നീതിമാന്മാർ ജീവനിലേക്കും ദുഃഷ്ടന്മാർ ജീവഛേദനത്തിലേക്ക് അല്ലെങ്കിൽ മരണത്തിലേക്കും പോകുന്നു (2തെസ്സ. 1 :9,10).

ബൈബിളിൽ നരകം എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന എല്ലാ ഗ്രീക്കുവാക്കുകളും അവയുടെ പ്രയോഗരീതികളും നാമിപ്പോൾ പരിശോധിച്ചുകഴിഞ്ഞു. അവസാനം നരകത്തിൽ നിത്യദണ്ഡനമുണ്ടെന്നു പഠിപ്പിക്കാൻ ചിലരെ ചിന്തിപ്പിക്കുന്ന പല വേദഭാഗങ്ങളും ചുരുക്കി യെങ്കിലും പരിശോധിക്കാൻ കഴിഞ്ഞിട്ടുണ്ട്. മേൽ പ്രതിപാദിക്കപ്പെട്ട വേദഭാഗങ്ങളൊക്കെ പരിഗണിക്കുമ്പോൾ തീയിലെ ദണ്ഡനമോ അല്ലാതെ മറ്റേതെങ്കിലും തരത്തിലൊ സുബോധത്തോടെയുള്ള ദുരിതാനുഭവം പാപത്തിന്റെ ശിക്ഷയായിട്ടുണ്ടെന്നു ബൈബിളിൽ ഒരിടത്തും പഠിപ്പിക്കുന്നില്ലെന്ന് വളരെ വ്യക്തമാണ്. എന്നാൽ അതിനു വിപരീതമായി പാപത്തിന്റെ ശിക്ഷയായി ആദാമിനും ഹവ്വായ്ക്കും ശേഷിക്കുന്ന സകല മാനുഷിക കുടുംബങ്ങൾക്കും ലഭിക്കുന്നത് മരണം മാത്രമാണെന്ന് വ്യക്തമായി ബൈബിൾ പഠിപ്പി ക്കുന്നു(ഉല്പ. 2:17 ; റോമ. 5:12,18,19). ദൈവത്തിന്റെ ദാനമായിട്ടല്ലാതെ ആർക്കും നിത്യജീവൻ കിട്ടുകയില്ല (റോമ. 6:23). യേശുവിന്റെ മനഃപ്പൂർവ്വമായ വീണ്ടെടുപ്പു ബലിവഴി സകല മനുഷ്യജാതിക്കും ഒന്നാമത്തെ നരകമാകുന്ന മരണത്തിൽനിന്ന് (ഹേഡീസ് അല്ലെങ്കിൽ ഷിയോൾ) ഒരു വിടുതൽ ദൈവം മുൻകണ്ട് കരുതിയിരുന്നത് ദൈവത്തിന്റെ മഹാസ്നേഹത്തിൽ നിന്നാണെന്നാണ് ഇതു വ്യക്തമായി കാണിക്കുന്നത്. അതുകൊണ്ട് ആദാമിലുള്ള മൃതന്മാരെല്ലാവരും മരണത്തിൽ നിന്ന് ഉണർത്തപ്പെടേണ്ടതാണ് (യോഹ 5:28,29). എന്നാൽ ക്രിസ്തുവിനെ വിശ്വാസത്താൽ രക്ഷിതാവായി സ്വീകരിക്കാത്തവനെല്ലാം അവസാനംരണ്ടാം മരണമാകുന്ന തീപൊയ്കയായ ഗീഹന്നായിൽ നിശ്ശേഷമായും പരിപൂർണ്ണമായും എന്നേക്കുമായി നശിപ്പിക്കപ്പെട്ട് ഇല്ലാതെയാകേണ്ടതാണ് (വെളി.21:8).

തീയിൽ ഇടുന്ന എന്തും പെട്ടന്നു തീപിടിച്ചു കത്തി ദഹിച്ചു തീരുന്നതുപോലെ ബൈബിളിൽ വിവരിക്കുന്ന നരകാഗ്നി യാതൊന്നും അവശേഷി പ്പിക്കാതെ നശിപ്പിക്കുന്ന നിത്യനാശമാണെന്നത് വളരെ വ്യക്തമായ തെളിവാണ്. അതുകൊണ്ട് 'തീ' ദൈവത്തിനുവേണ്ടിയുള്ള നിത്യവും അണയാത്തതുമായ ഒരു ദാഹമായിരിക്കാം എന്നുള്ള ബില്ലിഗ്രഹാമിന്റെ ആശയം വേദപഠിപ്പിക്കലുകൾക്ക് നേരെ എതിരാണ്. ബില്ലിഗ്രഹാമിനും അദ്ദേഹത്തെപ്പോലുള്ള മറ്റുള്ളവർക്കും (നിത്യദണ്ഡ നത്തിന്റെ പ്രമാണങ്ങൾ ഹൃദയത്തെ അലട്ടി കൊണ്ടിരിക്കുന്നവർക്ക് ഈ പാഠത്തിലെ വിഷയങ്ങൾ മുഴുവൻ പുതുമയോടെ പരിശോധിക്കുകയൊ, പുനഃപരിശോധിക്കുകയൊ ചെയ്ത് തങ്ങളുടെ വിശ്വാസങ്ങളെയും പഠിപ്പിക്കലുകളെയും അതനുസരിച്ച് ക്രമീകരിക്കുന്നതിനുപറ്റിയ ഒരവസരമാണിത്. അവർസ്വർഗ്ഗീയ പിതാവിനെ തെറ്റിദ്ധരിപ്പിക്കുകയും മനുഷ്യവ ർഗ്ഗത്തിന്റെ മേലുള്ള ദൈവത്തിന്റെ മരണശിക്ഷയെ അത് ദശലക്ഷക്കണക്കായ മാനുഷിക കുടുംബത്തിൽപ്പെട്ടവർക്കുവരുവാനുള്ള എന്നെന്നേക്കുമായ ദണ്ഡന ശിക്ഷയാണെന്ന് പെരുപ്പിച്ചു കാണിക്കുകയും ചെയ്യുന്നത് നിർത്തുകയും ചെയ്യുവാനുള്ള സമയപരിധിയും കൂടെ ഇപ്പോൾ അതിക്രമിച്ചിരിക്കുന്നു. പരിപൂർണ്ണമായും മഹാജ്ഞാനിയും നീതിമാനും

പരമ സ്നേഹത്തോടും നന്മയോടും കൂടിയവനു മായ ഒരുവനെയാണ് അതിനു വിരുദ്ധമായി ജ്ഞാനഹീനനും അനീതിയുള്ളവനും സ്നേഹ മില്ലാത്തവനുമായി കാണിക്കുവാൻ അങ്ങനെ യുള്ളവർ ശ്രമിക്കുന്നത്.

എന്നാൽ ചിലർ പറയുന്നത് ഞാൻ നിത്യദണ്ഡനോപദേശം പ്രസംഗിക്കാതിരുന്നാൽ അത് എന്നെ ജനകീയനല്ലാതാക്കുകയും പല സഭകളും എന്നെ ക്ഷണിക്കാതെയും അവരുടെ സഭകളിൽ എന്നെ പ്രസംഗിക്കാനനുവദിക്കാ തിരിക്കയും അവരുടെ പിൻബലം എനിക്കു ലഭിക്കാതിരിക്കയും ചെയ്യും എന്നാണ്. എന്നാൽ അത്തരക്കാർ മനസ്സിൽ കരുതിക്കൊള്ളേണ്ടത് ഒരേ സമയം ദൈവത്തിന്റെയും മനുഷ്യരുടേയും അംഗീകാരം ലഭിക്കുന്നില്ലെങ്കിൽ മനുഷ്യപ്രീതിയെക്കാൾ ദൈവാംഗീകരണം ആണ് ഏറ്റം നല്ലത് എന്നാണ് (യോഹ.12:43 ; റോമ.3:4). ചിലർ പറയുന്നത് ഞാൻ നിത്യദണ്ഡനം പ്രസംഗിക്കാ തിരുന്നാൽ പശ്ചാത്താപമില്ലാത്ത പാപികൾ ദൈവത്തോടുള്ള അവരുടെ ഹൃദയ കാഠിന്യം വർദ്ധിപ്പിക്കുകയും അവർ അഗ്നിയിലോ അല്ലാതെയോ എന്നെന്നേക്കുമായി ദണ്ഡിപ്പിക്ക പ്പെടുകയും പശ്ചാത്തപിച്ചു മനംതിരിഞ്ഞു അനേകരെ ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് എനിക്ക് കിട്ടാതിരി ക്കയും ചെയ്യും എന്നും കൂടെയാണ്. മരണാ ന്തരമുള്ള നിത്യദണ്ഡനത്തെക്കുറിച്ച് മനുഷ്യരോടു പറയാതിരിന്നാൽ അവർ കൂടുതലായി വലിയ പാപങ്ങൾ ചെയ്യാനിടയാകുക കൂടി ചെയ്യും. അതിനു ഞങ്ങൾക്കുള്ള മറുപടി ദൈവത്തിന്റെയും ക്രിസ്തുവിന്റെയും സ്നേഹത്താൽ നിർബന്ധിക്ക പ്പെടാതെ-വേണ്ടതരത്തിൽ വളർച്ച പ്രാപിക്കാതെ - നിത്യദണ്ഡനത്തിൽനിന്നു രക്ഷപെടാൻ വെറുതെ പശ്ചാത്തപിച്ചു ക്രിസ്തുവിനെ സ്വീകരിക്കുന്നവർ ദൈവരാജ്യത്തിൽ സഹസ്രസബ്ദത്തിനു മുമ്പുള്ള സുവിശേഷയുഗത്തിലെ യഥാർത്ഥ ക്രിസ്ത്യാനി കളോടുകൂടെ അവകാശം പ്രാപിക്കുന്നതിന് ഒരു തരത്തിലും യോഗ്യരായിത്തീരുകയില്ല എന്നാണ് (2 പത്രൊ. 1:5-11). ഭയത്തിനല്ല, നമ്മുടെ സ്വർഗ്ഗീയ പിതാവിനോടുള്ള പൂർണ്ണ ആത്മമനശക്തിയോടു കൂടിയ സ്നേഹത്തിനു മാത്രമേ ദൈവത്തിങ്കലേക്കും ക്രിസ്തുവിലേക്കും നമ്മെ അടുപ്പിച്ച് ഉത്സാഹഭരിതരായി കാത്തുകൊള്ളാൻ കഴികയുള്ളു (2കൊരി.5:14). ദൈവം ഓരോരുത്തരുടെയും പാപങ്ങൾക്ക് അർഹിക്കുന്ന ശിക്ഷ - എന്നാൽ അത് ദണ്ഡനമല്ല - നല്കുന്ന ദൈവമാണെന്ന് എല്ലാവർക്കും വെളിപ്പെടുത്തി കൊടുക്കുവാൻ നാം ബാദ്ധ്യസ്ഥരാണ് : ‘‘മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്കുബോധിപ്പിക്കേണ്ടിവരും’’ ‘‘ചില മനുഷ്യരുടെ പാപങ്ങൾ വിസ്താരത്തിനു മുമ്പേതന്നെ വെളിവായിരിക്കുന്നു ; ചിലരുടെ പാപങ്ങളോ പുനരുദ്ധാന ഉണർച്ചയിലത്രെ വെളിവാകുന്നത് ’’(മത്താ. 12:36,37 ; 1 തിമൊ. 5:24).

## ഞങ്ങളുടെ മറ്റ് ചില പ്രസിദ്ധീകരണങ്ങൾ

എന്താണ് സത്യം ❖ പൂർണ്ണ സുവിശേഷം ❖ ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം ❖ യഥാർത്ഥ സ്വാതന്ത്ര്യം ❖ ന്യായവിധി ദിവസം ❖ ദൈവം നിങ്ങളെ സ്നേഹിക്കുന്നു ❖ ദൈവമോ സാത്താനോ വിജയിക്കുന്നത് ❖ യേശുവിന്റെ രണ്ടാം വരവ് ❖ യഥാസ്ഥാപനം ❖ മഹാപിരമിഡ് ❖ യിസ്രായേലിന്റെ തിരിച്ചുവരവ് ❖ നിങ്ങൾക്കറിയാമോ? ❖ പുതിയഭൂമി ❖ ആപത്ക്കരമായ മലിനീകരണം ❖ സമാധാനം, അതെങ്ങനെ കൈവരും ❖ പറുദീസയിലെ കള്ളന്മാർ ❖ ധനവാനും ലാസറും എന്ന ഉപമ ❖ മരിച്ചവരുടെ പുനരുത്ഥാനം ❖ മരിച്ചവർ എവിടെ? ❖ ആത്മാവ് എന്നാൽ എന്ത്? ❖ നരകം എന്നാൽ എന്ത്? ❖ ജീവനും അമർത്യതയും ❖ യഹോവയുടെ സാക്ഷികളുടെ ഉപദേശം വേദാനുസരണമോ? etc.

ഭൂമിയിൽ നിത്യമായി അധികാരത്തിൽ വരാൻപോകുന്ന ക്രിസ്തുവിന്റെ നീതിയുള്ള ഭരണത്തെയും യഥാസ്ഥാപനവേലയേയും സംബന്ധിച്ചുള്ള വേദസത്യങ്ങളുടെ കൂടുതൽ പഠനത്തിലേക്കും ബൈബിൾ പഠനത്തിനാവശ്യമായ ലഘുലേഖകൾ, പുസ്തകങ്ങൾ, ബൈബിൾ സ്റ്റാൻഡാർഡ് മാസിക മുതലായവയ്ക്കും താഴെകാണുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.

**Courtesy by: BIBLE STANDARD MINISTRIES - LHMM**
**1156 St. Matthews Road, Chester Springs, PA, 19425-2700, USA.**

| For English | For Malayalam |
|---|---|
| Bro. V. Vincent Jeyakumar<br>Representative of India<br>Bible Standard Ministries - LHMM<br>32-D, Dr. Solomon Complex<br>Near Railway Gate, Nazareth<br>Tamil Nadu, India - 628 617<br>Cell : 9894926629<br>Email:vincent.v31@gmail.com | Bro. Abraham Mathew<br>Bible Standard Ministries - LHMM<br>Kakkamparampil<br>Vakathanam. P.O<br>Kottayam Dist, Kerala<br>India - 686 538<br>Cell: 9847553988<br>Email : enjoymathew@gmail.com |

Visit us at : **www.biblestandardindia.com** (For private circulation only)